സുവിശേഷ സത്യങ്ങൾക്കായി നിലകൊള്ളുന്ന YMEF ദ്വൈവാരിക

# സുവിശേഷധ്വനി

Suviseshadhwani

2023 ഡിസംബർ 16

SUVISESHADHWANI FORTNIGHTLY • REG. NO. RN. 29475/1978, REG. NO. KL/TV (S)/396/2022-24 • VOL. 42. • ISSUE 08 • പുസ്തകം 42 • ലക്കം 08 • പേജ് 6

## ക്രിസ്തുവില്ലാത്ത ക്രിസ്തുമസ്സ് ആഘോഷങ്ങൾ

**ജോർജ് സി. വർഗ്ഗീസ്, തിരുവനന്തപുരം**

നമ്മുടെ വാഴ്ത്തപ്പെട്ട കർത്താവായ യേശുക്രിസ്തു മറിയയുടെ മകനായി ഈ ഭൂമിയിൽ ജനിക്കുമെന്ന കാര്യം മത്തായിയുടെ സുവിശേഷത്തിലും (1:18–25). ലൂക്കോസിന്റെ സുവിശേഷത്തിലും (1:26–38) പ്രതിപാദിച്ചിരിക്കുന്നു. തന്റെ ഈ ഭൂമിയിലെ ജനനത്തിന്റെ ഉദ്ദേശം എന്തായിരുന്നു എന്ന് ദൈവദൂതന്റെ വാക്കുകളിൽ കൂടെ വ്യക്തമാക്കപ്പെട്ടിരിക്കുന്നു "അവൾ ഒരു മകനെ പ്രസവിക്കും, അവൻ തന്റെ ജനത്തെ അവരുടെ പാപങ്ങളിൽ നിന്നും രക്ഷിപ്പാനിരിക്ക കൊണ്ട് നീ അവന് യേശു എന്നു പേരിടേണം" എന്നാണ് വായിക്കുന്നത് (മത്താ. 1:21). മറിയ ഒരു മകനെ പ്രസവിക്കും അവന് യേശു എന്ന് പേർ വിളിക്കേണം "യഹോവയാണ് രക്ഷ" അഥവാ "രക്ഷകനായ യഹോവ" എന്നാണിതിന് അർത്ഥം. തന്റെ പേരിനെ അർത്ഥമാക്കി അവൻ തന്റെ ജനത്തെ അവരുടെ പാപങ്ങളിൽ നിന്ന് വിടുവിക്കും. മറിയയുടെ ഉദരത്തിലെ പൈതൽ യഥാർത്ഥത്തിൽ, ലോകത്തെ പാപത്തിൽ നിന്നും, പാപത്തിന്റെ ശക്തിയിൽ നിന്നും, പിന്നത്തേതിൽ പാപത്തിന്റെ സാന്നിദ്ധ്യത്തിൽ നിന്നും വിടുവിക്കാൻ യഹോവതന്നെ മനുഷ്യനായി അവതരിക്കുന്നതാണ് എന്നാണ് ദൂതൻ അറിയിച്ചത്. പ്രിയപ്പെട്ടവരെ, ഇത് എത്രയോ വാസ്തവമായി നിറവേറി. മാത്രമല്ല ഇന്നും അത് നിറവേറിക്കൊണ്ടിരിക്കുന്നു. ഇന്ന് ലോകത്തിന്റെ മുക്കിലും മൂലയിലുമുള്ള ഈ ലക്ഷങ്ങൾ അവനെ രക്ഷകനായും കർത്താവായും അംഗീകരിച്ചു ഈ കാര്യത്തിന് സാക്ഷ്യം വഹിച്ചുകൊണ്ട് ജീവിക്കുന്നു. അങ്ങനെ ജീവിച്ചിരുന്നവരിൽ അനേകർ ഈ പാപലോകത്തിൽ നിന്നും മാറ്റപ്പെട്ടുകഴിഞ്ഞിരിക്കുന്നു. എന്നാൽ വാഴ്ത്തപ്പെട്ട കർത്താവ് ഈ കൃപായുഗത്തിൽ അനേകരെ രക്ഷിച്ചുകൊണ്ടുമിരിക്കുന്നു. ദൂതസന്ദർശനത്തോടുള്ള വിധേയത്തിന്റെ ഭാഗമായി മകന് യേശു എന്ന് പേർ വിളിച്ചു. അങ്ങനെ മശിഹാ രാജാവ് ജനിച്ചു. സർവ്വശക്തൻ ചെറിയൊരു ശിശുവായി ലോപിച്ചു. മഹത്വത്തിന്റെ കർത്താവ് ഒരു മനുഷ്യശരീരം കൊണ്ട് തന്റെ തേജസ്സിനെ മൂടി. എന്നാൽ "അവനിലല്ലോ ദൈവത്തിന്റെ സർവ്വസമ്പൂർണ്ണതയും ദേഹരൂപമായി വസിക്കുന്നത്" (കൊലോ. 2:9) എന്ന് നമുക്കോർക്കാം.

ക്രിസ്തുവിന് ഹൃദയത്തിൽ ജനിക്കുവാൻ ഇടനൽകാതെ ജനകോടികൾ ക്രിസ്തുമസ്സിന് ആശംസകളയക്കാനും തിന്നാനും കുടിക്കാനും മറ്റുമായി കോടിക്കണക്കിന് പണം ചിലവാക്കുന്ന കാര്യം നാം മനസ്സിലാക്കുന്ന കാര്യമാണ്. വർഷങ്ങൾക്കു മുൻപ് ഒരു ക്രിസ്തുമസ് ആഴ്ചയിൽ ഒരു സ്ത്രീ ഒരു കടയിൽ നിന്നും വളരെ പെട്ടെന്ന് 50 ആശംസാകാർഡുകൾ വാങ്ങി. അതിലെ സന്ദേശം വായിക്കാതെ പലർക്കായി ധൃതിയിൽ അയച്ചുകൊടുത്ത കാര്യം "Our daily bread" എന്ന മാസികയിൽ എഴുതിയത് വായിക്കാനിടയായി. ഒടുവിൽ അയക്കാതെ അവശേഷിച്ച കാർഡിലെ വാക്കുകൾ വായിച്ചപ്പോൾ അവർ തന്നെ സ്തംഭിച്ചുപോയി. കാർഡിലെ വാക്കുകൾ എന്തായിരുന്നെന്നോ? "This card is just to say a little gift is on the way. നിങ്ങൾക്കായി ഒരു ചെറിയ ക്രിസ്തുമസ് സമ്മാനം അയച്ചിട്ടുണ്ട് എന്ന കാര്യം അറിയിക്കുന്നതി

ശേഷം 4-ാം പേജിൽ

## വൈ.എം.ഇ.എഫ്. സൗത്ത് ഡിവിഷൻ ട്രസ്റ്റ് വെഞ്ഞാറമൂട്, പോത്തൻകോട് കാമ്പയിൻ പ്രവർത്തനങ്ങൾ തുടരുന്നു

വെഞ്ഞാറമൂട്, പോത്തൻകോട് മറ്റ് പരിസര പ്രദേശങ്ങളിലും നടന്നുവരുന്ന വൈ.എം.ഇ.എഫ്. സൗത്ത് ഡിവിഷന്റെ സുവിശേഷ പ്രവർത്തനങ്ങൾ കഴിഞ്ഞ രണ്ട് മാസത്തിലും അനുഗ്രഹകരമായി നടക്കുന്നതിന് സർവ്വകൃപാലുവായ ദൈവം സഹായിച്ചു. നാല് ടീമുകളായി തിരിഞ്ഞ് ഭവനസന്ദർശനം, അനുധാവനപ്രവർത്തനം തുടങ്ങിയവ നടന്നുവരുന്നു. ഏകദേശം 100ലധികം പുതിയനിയമങ്ങൾ ഭവനങ്ങളിൽ എത്തിക്കുവാനും, സുവിശേഷ പ്രതികൾ വിതരണം ചെയ്യുവാനും ഇടയായി. മാസത്തിൽ 2 ദിവസം പരസ്യയോഗങ്ങളും നടന്നുവരുന്നു. 8 സഹോദരന്മാർ പ്രവർത്തനങ്ങളിൽ സഹകരിച്ചു വരുന്നു. വസന്ത, വിജയൻ, ബാബു, ചിത്ര എന്നീ ഭവനങ്ങളിൽ അനുധാവന പ്രവർത്തനങ്ങൾ നടക്കുന്നു. രക്ഷിക്കപ്പെട്ട് വരുവാൻ പ്രാർത്ഥിക്കുക. തുടർന്നും ഫലകരമായ പ്രവർത്തനങ്ങൾ വഴി അനേകർ രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട് ഇവിടെയുള്ള സ്ഥലംസഭയിൽ കടന്നുവന്ന് ദൈവത്തെ ആരാധിപ്പാൻ ഇടയാകേണ്ടതിനായി പ്രാർത്ഥിക്കുക. ഇതിന്റെ പിന്നിൽ പ്രാർത്ഥിക്കുകയും സഹകരിക്കുകയും ചെയ്യുന്ന എല്ലാവരോടും നന്ദി അറിയിക്കുന്നു.

വൈ.എം.ഇ.എഫ്. സൗത്ത് ഡിവിഷൻ വെഞ്ഞാറമൂട് പ്രവർത്തനത്തിനുവേണ്ടി

**എബ്രഹാം മാത്യൂസ്**

## വൈ.എം.ഇ.എഫ്. പൊതുയോഗം പത്തനംതിട്ടയിൽ

2023 ഡിസംബർ 24 ഞായർ മുതൽ 31 ഞായർ വരെ നടക്കുന്ന പത്തനംതിട്ട ബ്രദറൺ കൺവൻഷനിൽ 28 വ്യാഴാഴ്ച പകൽ 10 മണി മുതൽ 1 മണി വരെ വൈ.എം.ഇ.എഫ്. പൊതുയോഗം ഉണ്ടായിരിക്കും. ബ്രദർ സാം കെ. ജോൺ ദൈവവചനം ശുശ്രൂഷിക്കുന്നു. എല്ലാ സഹോദരി സഹോദരന്മാരെയും കർത്തൃനാമത്തിൽ ക്ഷണിച്ചുകൊള്ളുന്നു.

വൈ.എം.ഇ.എഫ്. പൊതുയോഗത്തിനുവേണ്ടി

**മോനച്ചൻ എബ്രഹാം,**

## വൈ.എം.ഇ.എഫ്. നോർത്ത് ഡിവിഷൻ ട്രസ്റ്റ് ബീഹാർ സംസ്ഥാന അനുധാവന പ്രവർത്തനങ്ങൾ

ദൈവകൃപയാൽ ബീഹാർ സംസ്ഥാന അനുധാവന പ്രവർത്തനങ്ങൾ ആഗസ്റ്റ് 25 മുതൽ സെപ്റ്റംബർ 14 വരെയും ഖഗറിയ ജില്ലയോട് ചേർന്ന സ്ഥലങ്ങളിൽ പ്രവർത്തിപ്പാനിടയായി. അതിനു ശേഷം സഹോദരന്മാരായ റ്റി.എ. ജോൺ, പി.എ. ഡേവി, ഐ.വി. സാംജി എന്നിവർ നാട്ടിലേക്ക് യാത്ര തിരിച്ചു. സഹോദരന്മാരായ സജി വർഗ്ഗീസ് താളിക്കോട്, വർഗീസ് മാത്യു ഉഴവൂർ എന്നിവർ സെപ്തംബർ 13 ന് പട്നയിൽ എത്തിച്ചേർന്നു സെപ്തംബർ 14 മുതൽ പട്നയിലെ സുവിശേഷകൻ പി.ജെ. ടോമിയാണ് പ്രവർത്തനങ്ങൾ ക്രമീകരിച്ചിരുന്നത്. 15-ാം തീയതി സാഹിബ് ഗഞ്ചിലേക്ക് പോകുകയുണ്ടായി. ഈ പ്രദേശത്തു തദ്ദേശീയരായ അശോക് കുമാർ കുടുംബമായി താമസിച്ച് പ്രവർത്തിക്കുന്നു. 3 ജില്ലകളോട് ചേർന്ന് കിടക്കുന്ന സ്ഥമാണ് സാഹിബ് ഗഞ്ച്. ഇതിനടുത്തുള്ള ഗോപാൽ ഗഞ്ച് ജില്ലയിലെ പ്യാരേപൂർ ഗ്രാമത്തിൽ സുവിശേഷതൽപരരായവരുടെ ചില ഭവനങ്ങൾ സന്ദർശിച്ച് സുവിശേഷം പങ്കു വെക്കുവാൻ സാധിച്ചു. ഇവിടെ തന്നെ ഒരു ഗ്രാമത്തിൽ ജനത്തെ കൂട്ടിവരുത്തി സുവിശേഷസന്ദേശം പങ്കുവെക്കുകയുണ്ടായി. പിന്നീട് സരൺ ജില്ലയിലെ 5 ഗ്രാമങ്ങൾ സന്ദർശിച്ച് സുവിശേഷം അറിയിച്ചു. അതിൽ കരൺകുദരിയ എന്ന ഗ്രാമത്തിൽ ചില ഭവനങ്ങളിൽ ചെന്ന് വ്യക്തമായി സുവിശേഷം അറിയിക്കുകയുണ്ടായി. പൊതുസ്ഥലത്തും ഭവനങ്ങളിലും സുവിശേഷം പങ്കുവെച്ചതിന്റെ ഫലമായി 8 പേർ കർത്താവിനെ സ്വന്തം രക്ഷിതാവായി സ്വീകരിക്കുവാൻ ഇടയായി. പിറ്റേന്ന് സിവാൻ ജില്ലയിൽ 2 ഗ്രാമങ്ങളിൽ ഭവനസന്ദർശനം നടത്തി സുവിശഷമറിയിക്കുകയുണ്ടായി. സാഹിബ് ഗഞ്ചിലും ഈ നിലയിൽ പ്രവർത്തിപ്പാൻ കർത്താവ് സഹായിച്ചു. ഇവിടങ്ങളിലെ പ്രവർത്തനങ്ങളിൽ സഹോദരന്മാരായ അശോക് കുമാർ, അനുജൻ അരുൺ കുമാർ, അശോക് കുമാറിന്റെ മകൻ, പി.ജെ. റ്റോമി, റ്റി.ജി. സുരേഷ്, റ്റി.ജി. സൂരജ് എന്നിവരും ഞങ്ങളോടൊപ്പം ഉണ്ടായിരുന്നു. 15 മുതൽ 20 വരേയും ഈ പ്രദേശങ്ങളിൽ പ്രവർത്തിച്ചതിനുശേഷം ചപ്രയിലേക്ക് കടന്നുപോയി.

ചപ്രയിൻ പാറ്റ്നസഭയിൽ നിന്നും സുവിശേഷവേലക്കായി വേർതിരിഞ്ഞ രഞ്ജിത് എന്ന യുവാവ് താമസിച്ച് പ്രവർത്തിക്കുന്നു. ഇവിടെ നല്ല ഒരു കൂട്ടം ദൈവജനം കർത്താവിനെ ആരാധിച്ചുവരുന്നു. 20-ാം തീയതി ചപ്രയിൽ 3 പേരുടെ സ്നാനവും ക്രമീകരിച്ചിരുന്നു. പിന്നീട് റ്റി.ജി. സുരേഷ് സഹോ. സൂരൻ പ്രവർത്തിക്കുന്ന സീതാമടിയിലാണ് പ്രവർത്തിപ്പാനിടയായയത്. ഈ പ്രദേശത്തു പ്രവർത്തിപ്പാൻ സാധിച്ചു. സീതാമടിയിൽ നിന്നും സുവിശേഷവേലക്കായി വേർതിരിഞ്ഞ അപ്പദേശ് എന്ന യുവസഹോദരൻ പ്രവർത്തിക്കുന്ന മധുബനി ജില്ലയിലെ ജിൻസി എന്ന സ്ഥലത്തും സുവിശേഷം അറിയിക്കയുണ്ടായി. ഈ പ്രദേശത്തു ഒരു വീട്ടിൽ അനേകരെ കൂട്ടിവരുത്തി സുവിശേഷം അറിയിച്ചതുമൂലം 7 പേർ കർത്താവിനെ സ്വീകരിപ്പാൻ ഇടയായി. 24-ാം തീയതി രാവിലെ സഹോദരൻ റ്റി.ജി. സുരേഷിന്റെ ഭവനത്തിലെ ആരാധനക്കുശേഷം 30 കി.മീറ്റർ അകലെയുള്ള ഗൊർമെ എന്ന ഗ്രാമത്തിലും ആരാധന നടക്കുന്നുണ്ട്. ഈ ദിവസങ്ങളിൽ ഇവിടങ്ങളിലെ പ്രവർത്തനംമൂലം അനേകർ ദൈവവചനം കേൾക്കുവാൻ ഇടയായി. മാത്രമല്ല പലരും സഭായോഗങ്ങളിലേക്ക് കടന്നു വരുവാനും ഇടയായി. പിന്നീട് ദർഭംഗയിൽ പ്രവർത്തിക്കുന്ന ജെന്നിങ്സ് കെ. സൈമനോടൊത്ത 2 ദിവസം

ശേഷം 2-ാം പേജിൽ

## നാം അഭിഷിക്തൻമാർ

**ജോർജ്ജ് പീറ്റർ, ചിറ്റൂർ**

ഇത്രയധികം വിവാദങ്ങൾ സൃഷ്ടിച്ചുകൊണ്ടിരിക്കുന്ന വിഷയം ഇന്ന് വിശ്വാസികളുടെ ഇടയിൽ വേറെ ഉണ്ടോ എന്ന് സംശയിക്കുന്നു. രക്ഷിക്കപ്പെട്ടവർ കാത്തിരുന്ന് അഭിഷേകം പ്രാപിക്കണമെന്നും അഭിഷേകത്തിന്റെ പ്രഥമവും പ്രത്യക്ഷവുമായ അടയാളം അന്യഭാഷാ ഭാഷണമാണെന്നും വിശ്വസിക്കുന്നവരും പ്രസംഗിക്കുന്നവരും ധാരാളം ഉണ്ട്. ഈ വിഷയത്തെക്കുറിച്ച് ബൈബിളിൽ എന്ത് പറയുന്നു എന്ന് നമുക്ക് പരിശോധിക്കാം.

> **ദൈവം ആരെ അഭിഷേകം ചെയ്തു? പിതാവായ ദൈവം അഭിഷേകം ചെയ്തത് നസ്രായനായ യേശുവിനെ മാത്രം ആണ്" (അപ്പൊ. 10:38), (അപ്പൊ. 2:37) ചരിത്രത്തിൽ യേശുവിനെ അല്ലാതെ മറ്റാരേയും ദൈവം നേരിട്ട് അഭിഷേകം ചെയ്തിട്ടില്ല, ചെയ്യുകയുമില്ല.**

അഭിഷേകത്തെപ്പറ്റി വേദപുസ്തകത്തിൽ 124 വാക്യങ്ങളിലായി 127 പ്രാവശ്യം രേഖപ്പെടുത്തിയിട്ടുണ്ട്. പഴയനിയമകാലത്ത് പുരോഹിതൻമാരേയും, രാജാക്കൻമാരേയും പ്രവാചകൻമാരേയും ശുശ്രൂഷക്കായി നിയോഗിച്ചു പോന്നത് അഭിഷേകം ചെയ്താണ്. ലേവ്യ. 8:12, 1 ശമു. 16:12, 1 രാജാ. 19:16 (സങ്കീ. 105:15)

പുതിയനിയമത്തിൽ 8 വാക്യങ്ങളിലായി 9 പ്രാവശ്യം അഭിഷേകത്തെക്കുറിച്ച് എഴുതീട്ടുണ്ട് ലൂക്കോ. 4:18 -ൽ ദരിദ്രൻമാരോട് സുവിശേഷം അറിയിക്കുവാൻ കർത്താവ് എന്നെ അഭിഷേകം ചെയ്കയാൽ യെശ. 61:1 ലെ ഉദ്ധരണിയാണ് ഈ വാക്യം. ഇവിടെ കർത്താവ് എന്നുള്ളത് പിതാവായ ദൈവത്തേയും, എന്നെ എന്നുള്ളത് യേശുവിനേയും, അഭിഷേകം എന്നുള്ളത് പരിശുദ്ധാത്മാവാം ദൈവത്തെയാണ് വ്യക്തമാക്കുന്നത്. 2 കൊരി. 1:21 -ൽ "ദൈവമല്ലേ നമ്മെ അഭിഷേകം ചെയ്തിരിക്കുന്നത്..... ദൈവം ആരെ അഭിഷേകം ചെയ്തു? പിതാവായ ദൈവം അഭിഷേകം ചെയ്തത് നസ്രായനായ യേശുവിനെ മാത്രം ആണ്" (അപ്പൊ. 10:38), (അപ്പൊ. 2:37) ചരിത്രത്തിൽ യേശുവിനെ അല്ലാതെ മറ്റാരേയും ദൈവം നേരിട്ട് അഭിഷേകം ചെയ്തിട്ടില്ല, ചെയ്യുകയുമില്ല.

ശേഷം 5-ാം പേജിൽ

എഡിറ്റോറിയൽ പേജ് 2 | ഫിലേമോൻ ലേഖന പഠനം പേജ് 3 | യുവലോകം പേജ് 4 | മഹത്വത്തിൽ പേജ് 5 | ചിന്ത പേജ് 6

SUVISESHADHWANI
സുവിശേഷ സത്യങ്ങൾക്കായി നിലകൊള്ളുന്ന വൈ.എം.ഇ.എഫ്. ദ്വൈവാരിക
2023 ഡിസംബർ 16/ പുസ്തകം 42 ലക്കം 08

എഡിറ്റോറിയൽ

# ക്രിസ്തുമസ്സിന്റെ സന്ദേശം

പുരാതന കാലം മുതൽക്കേ മനുഷ്യന് ആഘോഷങ്ങളോട് വലിയ താല്പര്യമായുണ്ടായിരുന്നതായി മനസ്സിലാക്കാം. അതെപ്പറ്റി വേദപുസ്തകവും നമ്മൾക്ക് അറിവ് തരുന്നുണ്ട്. പുതിയനിയമ വിശ്വാസികൾ ഒന്നും ആഘോഷിക്കാൻ പാടില്ലെന്നും അത് വലിയ പാപമാണെന്നും പഠിപ്പിക്കുന്നവരുണ്ട്. ദൈവം മനുഷ്യനെ സൃഷ്ടിച്ചത് സന്തോഷത്തോട് ജീവിക്കാൻ തന്നെയാണ്. എന്നാൽ മനുഷ്യന്റെ പാപമാണ് അവന്റെ അവസ്ഥക്ക് മാറ്റം വരുത്തിയത്. ഏദൻ തോട്ടത്തിൽ പാപം പ്രവേശിക്കുന്നത് വരെ സന്തോഷത്തിന് യാതൊരു കുറവും ഉണ്ടായിരുന്നില്ലല്ലോ.

പഴയനിയമത്തിലെ ദൈവജനം സന്തോഷിക്കുന്ന പല സന്ദർഭങ്ങളെക്കുറിച്ചും രേഖപ്പെടുത്തിയിട്ടുണ്ട്. ഏബ്രഹാം ഒരു മകന് വേണ്ടി ആഗ്രഹിച്ചു. ദൈവം അവന് ഇസ്ഹാക്കിനെ കൊടുത്തു. അപ്പോഴും ഏബ്രഹാം തന്റെ ജനത്തോട് കൂടെ സന്തോഷിക്കുവാനായി ഒരു വലിയ വിരുന്ന് കഴിച്ചതായി വായിക്കുന്നു. (ഉൽപ്പത്തി 21:8).യിസ്രായേൽ മക്കൾക്ക് ദൈവം 7 ഉത്സവങ്ങൾ കൽപ്പിച്ചു നൽകിയിരുന്നു, അതിൽ വളരെ ആത്മീയ സത്യങ്ങൾ ഉൾക്കൊള്ളുന്നു. എന്നാൽ അതും ആതമീയവിഷയങ്ങളിൽ ദൈവജനം സന്തോഷിക്കുവാൻ ദൈവം ആഗ്രഹിക്കുന്നതായി കാണുന്നു. യിസ്രായേൽ മരുഭൂമിയിൽ ദൈവകൽപന ലംഘിച്ച് കാളക്കുട്ടിയെ ഉണ്ടാക്കി ഉത്സവം ആചരിച്ചപ്പോൾ ദൈവകോപം അവരുടെ മേൽ വന്നു. അത് ദൈവത്തിന് പ്രസാദമായില്ല. അതിൽ നിന്നും നാം മനസ്സിലാക്കേണ്ടത്, സന്തോഷത്തിനും ചില മാനദണ്ഡങ്ങൾ ദൈവം വച്ചിട്ടുണ്ട് എന്നുള്ളതാണ്. അപ്പോസ്തലനായ പൗലോസ് ഫിലിപ്പിയർക്ക് ലേഖനം എഴുതുമ്പോൾ കർത്താവിൽ സന്തോഷിക്കണം എന്ന് താൻ വീണ്ടും വീണ്ടും ആജ്ഞാപിക്കുന്നതായി കാണാം. പഴയനിയമത്തിലും അത് തന്നെയാണല്ലോ കാണുന്നത്. വിശ്വാസികളായ നാം ദുഖിച്ചു വ്യാകുലപ്പെട്ടു ജീവിക്കേണ്ടവരല്ല. പിന്നെയോ കർത്താവിനായി പാടി ദൈവമഹത്വത്തിനായി സന്തോഷിക്കേണ്ടവരാണ്. എന്നാൽ ഇന്ന് ലോകത്തിൽ കാണുന്ന സന്തോഷങ്ങളൊക്കെയും ഒരളവുവരെയും പൈശാചികമാണ്. അങ്ങനെയൊരു കാലഘട്ടത്തിലാണ് നാം വന്നുനിൽക്കുന്നത്. ലോകം എല്ലാ ആഘോഷങ്ങളെയും ഏറ്റെടുത്ത് അതിൽ നിന്നും മുതലെടുക്കുന്ന ഒരു വല്ലാത്ത കാലം. മനുഷ്യൻ സ്വാർത്ഥതാല്പര്യങ്ങൾക്കായി എന്തും ചെയ്യാൻ മടിക്കാത്ത ഒരു കാലം. അന്ത്യനാളുകൾ ദുർഘടങ്ങളായിരിക്കുമല്ലോ. എന്നാൽ നമ്മൾക്കും ഇതിന് മദ്ധ്യേ ചിലതു ചെയ്യാ ൻ സാധിക്കും എന്നോർക്കുക.

ക്രിസ്തുമസ്സിന്റെ ഉത്ഭവം എവിടെയായിരുന്നു? നാലാം നൂറ്റാണ്ട് വരെ ആരും തന്നെ ഇങ്ങനെ ഒരു കാര്യം കേൾക്കുകയോ ആഘോഷിക്കയോ ചെയ്തിരുന്നില്ല എന്ന് ചരിത്രം നമ്മെ പഠിപ്പിക്കുന്നു. റോമൻ ചക്രവർത്തിയായിരുന്ന കുസ്തന്തിനോസ് ക്രിസ്തുമതം സ്വീകരിച്ചതോട് അതുവരെ പീഢിപ്പിക്കപ്പെട്ടിരുന്ന ക്രിസ്തീയസമൂഹത്തിന് വലിയൊരു മാറ്റം ഉണ്ടായി. ക്രിസ്തുമതം എന്നൊരു മതം രൂപപ്പെട്ടു. അത് രാജകീയമതമായി അംഗീകരിക്കപ്പെട്ടു. മാത്രമല്ല, അതുവരെ ലോകത്തിൽ നിന്നും മാറി നിന്നിരുന്ന ദൈവസഭക്കുള്ളിലേക്ക് ലോകം കടന്നുകയറുകയായിരുന്നു. സഭക്കുള്ളിൽ ലോകമയത്വം നടമാടി. എ ഡി 336ൽ ആദ്യമായി റോമാ ചക്രവർത്തിയുടെ കല്പനപ്രകാരം ക്രിസ്തുമസ്സ് ആഘോഷം ആരംഭിക്കുകയായി. അത് ലോകത്തിന്റെ എല്ലാ ഭാഗത്തേയ്ക്കും ക്രമേണ വ്യാപിച്ചു. എന്താണ് ഈ ക്രിസ്തുമസ്സ് എന്ന് ഈ ആഘോഷിക്കുന്നവരിൽ ഭൂരിഭാഗത്തിനും അറിയുകയുമില്ല. അവർക്ക് അതറിയുകയും വേണ്ടല്ലോ. ആഘോഷിച്ചാൽ മതിയല്ലോ.

ഡിസംബർ 25 ആണല്ലോ ലോകം ക്രിസ്തുമസ്സ് ദിനമായി കൊണ്ടാടുന്നത്. എന്നാൽ അന്ന് ക്രിസ്തു ജനിച്ചിരിക്കാൻ സാദ്ധ്യത തീരെയില്ലെന്നാണ് വേദപണ്ഡിതന്മാർ അഭിപ്രായപ്പെടുന്നത്. എന്നാൽ ക്രിസ്തുമസ്സ് ആഘോഷിക്കുന്നവരിൽ ഭൂരിപക്ഷത്തിനും ഈ ദിനത്തിന് പ്രത്യേകതയൊന്നും ഇല്ല. എന്തോ ഒരു ആഘോഷം, അത്ര തന്നെ. ചരിത്രം പരിശോധിച്ചാൽ ഡിസംബർ 25 മുമ്പ് ഇത് ഒരു വിജാതീയ ആഘോഷമായിരുന്നെന്നും അതിന്റെ പേര് മാറ്റി ക്രിസ്തുമസ്സ് എന്നാക്കിയെന്നും മനസ്സിലാകും. ഇന്ന് ക്രിസ്തുമസ്സ് എന്ന പേരിൽ വലിയ വാണിജ്യമാണ് ലോകമെങ്ങും നടക്കുന്നത്. വ്യവസായികൾക്ക് പണം ഉണ്ടാക്കണം. വ്യാപരികൾക്ക് കച്ചവടം നടക്കണം. ലോകത്തിന് എങ്ങനെയും സന്തോഷിക്കണം. ദൈവമക്കളായ നാം ഇതേപ്പറ്റി ചിന്തിച്ച് പ്രവർത്തിക്കേണ്ട കാലം ആണെന്നോർക്കുക. നാം നമ്മുടെ കർത്താവിന്റെ ജനന, മരണ, പുനരുത്ഥാനങ്ങൾ ഓർത്തു ദിവസവും ദൈവത്തെ മഹത്വപ്പെടുത്തി സന്തോഷിക്കേണ്ടവരാണ്. അതാണ് നമ്മൾക്ക് ക്രിസ്തുമസ്സിന്റെ സന്ദേശം. ലോകത്തോടൊപ്പം സന്തോഷിക്കേണ്ടവരല്ല നാം എന്നോർക്കുക.

ഇങ്ങനെയൊക്കെയാണെങ്കിലും ഇതിനൊരു മറുവശം കൂടിയുണ്ട്. നമ്മൾക്ക് സുവിശേഷവുമായി എപ്പോഴും ചെല്ലുവാൻ സാധിക്കാത്ത ചില ഇടങ്ങളിൽ ഈ ആഘോഷത്തിന്റെ പേരിൽ നമ്മൾക്ക് സുവിശേഷവുമായി പോകുവാൻ സാധിക്കും. അത് നാം പ്രയോജനപ്പെടുത്തുകയും വേണം. ചില വിദേശ രാജ്യങ്ങളിൽ ക്രിസ്ത്യാനികൾ പാർക്കുന്ന ഗ്രാമങ്ങൾ ക്രിസ്തുമസ്സ് കാലത്ത് പൂർണ്ണമായും വൈദ്യുതവിളക്കുകളാൽ കമനീയമായി അലങ്കരിക്കും. ഈ മനോഹര കാഴ്ച കാണുവാനായി രാത്രികാലങ്ങളിൽ ആ ഗ്രാമങ്ങളിലേക്ക് വിദൂരതയിൽ നിന്ന് പോലും ജനങ്ങൾ ഒഴുകിയെത്തും. അങ്ങനെ വരുന്നവർക്ക് ഗ്രാമീണർ മധുരപലഹാരങ്ങൾ വിതരണം ചെയ്ത് യഥാർത്ഥ ക്രിസ്തുമസ്സ് എന്താണെന്നും ക്രിസ്തുവിന്റെ ജനനത്തിന്റെ ലക്ഷ്യം എന്തായിരുന്നെന്നും വിശദീകരിക്കുന്ന ലഘുലേഖകൾ കൊടുത്ത് അവരോട് ദൈവത്തിന്റെ സ്നേഹത്തെക്കുറിച്ച് പറയും. അതിൽ ചിലർ നമ്മുടെ കർത്താവിനെ കണ്ടെത്തുകയും ചെയ്യും. നമ്മൾക്ക് ആ നിലയിൽ ചെയ്യാൻ സാധിച്ചില്ലെങ്കിലും നമ്മൾക്ക് ലോകത്തിന്റെ ആഘോഷ വേളയിൽ ലഭിക്കുന്ന അവസരം സാഹചര്യത്തിനനുസരിച്ച് പ്രയോജനപ്പെടുത്താം. അതിനു ദൈവം നമ്മെ സഹായിക്കട്ടെയെന്ന് പ്രാർത്ഥിക്കയാണ്. ●

1-ാം പേജ് തുടർച്ച

## വൈ.എം.ഇ.എഫ്. നോർത്ത് ഡിവിഷൻ ട്രസ്റ്റ് ബീഹാർ സംസ്ഥാന അനുധാവന പ്രവർത്തനങ്ങൾ

അവിടത്തെ ഗ്രാമങ്ങളിലും പ്രവർത്തിക്കുകയുണ്ടായി. പിന്നീട് പാറ്റ്നയിലും ഹാജിപൂരിൽ പ്രവർത്തിക്കുന്ന സഹോദരൻ റ്റി.ജി. സൂരജിനോട് ചേർന്ന് പ്രവർത്തിക്കുവാൻ കർത്താവ് കൃപ നല്കി.

സെപ്തംബർ 29 ന് ഗയ എന്ന സ്ഥലത്തേക്കുപോയി. കർത്തൃദാസൻ കെ.സി. മാത്യു കുടുംബമായി ഇവിടെ പ്രവർത്തിക്കുന്നു. അനുഗ്രഹീതമായ ഒരു സ്ഥലംസഭക്കും ഇവിടെയുണ്ട്. അനേക ഗ്രാമങ്ങളിൽ മീറ്റിംഗുകൾ ക്രമീകരിച്ചിരുന്നു. ഞായറാഴ്ച ആരാധനക്കുശേഷം മസ്തലിപൂർ എന്ന ഗ്രാമത്തിൽ പോകുവാനിടയായി. നേരത്തെ കെ.സി. മാത്യുവിനേയും കൂട്ടുസഹോദരങ്ങളേയും പറഞ്ഞുവിട്ടതായ ഒരു ഭവനത്തിൽ ചെല്ലുവാനും അനേകർ അവിടെ കൂടിവരുവാൻ ഇടയായി. അവരോട് വ്യക്തമായി സുവിശേഷം പറഞ്ഞതിനാൽ ചിലർ പിന്നീട് ഗയ സഭയിൽ കടന്നുവരുവാനും ഇടയായി. ഈ പ്രദേശത്തെ ഓർത്തു നിരന്തരം പ്രാർത്ഥിക്കുക. സെപ്റ്റംബർ 29 മുതൽ ഒക്ടോബർ 2 വരേയും ഗയയിൽ പല ഗ്രാമങ്ങളിലും സുവിശേഷം എത്തിക്കുവാൻ സാധിച്ചു. 2-ാം തീയതി വൈകിട്ട് ഗയയോട് യാത്ര പറഞ്ഞു 3-ാം തീയതി ഞങ്ങൾ നാട്ടിലേക്കും യാത്ര തിരിച്ചു.

ആഗസ്റ്റ് 10 മുതൽ ഒക്ടോബർ 2 വരേയും ബീഹാർ സംസ്ഥാനത്തെ സുവിശേഷകന്മാരോടൊത്ത് അനേക ഗ്രാമങ്ങളിൽ പ്രവർത്തിക്കാനും ചിലർ രക്ഷാനിർണ്ണയത്തിൽ ആകുവാനും അവർ സ്ഥലംസഭകളിൽ മീറ്റിംഗുകൾക്കായി കടന്നുവരുന്നു എന്നതോർത്ത് ദൈവത്തെ സ്തുതിക്കുന്നു. ബീഹാറിൽ ചെയ്ത അനുധാവന പ്രവർത്തനത്തേയും അവിടങ്ങളിൽ നടക്കുന്ന പ്രവർത്തനങ്ങളേയും പ്രവർത്തകരേയും ദൈവജനത്തേയും നിരന്തരം പ്രാർത്ഥനയിൽ ഓർക്കുക. ഇതുവരേയും പ്രാർത്ഥനയിൽ ഓർത്ത ഏവർക്കും കർതൃനാമത്തിൽ നന്ദി അറിയിക്കുന്നു.

ടീം പ്രവർത്തനത്തിനുവേണ്ടി :

**വർഗ്ഗീസ് മാത്യു, ഉഴവൂർ**

## ധ്വനി ബൈബിൾ ക്വിസ് – 45
## ഇയ്യോബിന്റെ പുസ്തകം
## ശരിയുത്തരങ്ങൾ

1. നദീഹയത്തിന് (ഇയ്യോബ് 40:15–17)
2. ചമ്മട്ടി (ഇയ്യോബ് 5:21)
3. ദുർജ്ജനം/നിഷ്ഠൂരന്മാർ (ഇയ്യോബ് 27:13–18)
4. "എന്റെ സങ്കടം കേൾക്കുന്നവൻ ഉണ്ടായിരുന്നുവെങ്കിൽ കൊള്ളാമായിരുന്നു" (ഇയ്യോബ് 31:35)
5. ഇയ്യോബിന്റെ ജന്മദിവസത്തിന്റെ (ഇയ്യോബ് 40:15–17)
6. ജ്ഞാനം/വിവേകം (ഇയ്യോബ് 40:15–17)
7. ഇയ്യോബ് (ഇയ്യോബ് 12:4)
8. എലീഫസ് ഇയ്യോബിനോട് പറഞ്ഞു (ഇയ്യോബ് 15:1–8)
9. ഇയ്യോബ് (ഇയ്യോബ് 34:7)
10. ഇയ്യോബിന്റെ വാക്കുകൾ (ഇയ്യോബ് 19:24)

## എല്ലാ ചോദ്യങ്ങൾക്കും ശരിയുത്തരം എഴുതിയവർ

| | |
|---|---|
| 1. സുഷാ പ്രസാദ്, പേരൂർക്കട | 2. എബ്രഹാം ഡാനിയേൽ, കോയിപ്രം |
| 3. പൊന്നമ്മ രാജു, ബാംഗ്ലൂർ | 4. പി.കെ. ജോർജ്ജുകുട്ടി, പെരുമ്പാവൂർ |
| 5. ലില്ലി ജോൺ, പാലാരിവട്ടം | 6. സ്പർജൻ കെ.വൈ., പുന്നപ്ര |
| 7. മേരി ജോർജ്ജ്, റാന്നി | 8. ഹെഫ്സിബ ജോഷ്വാ, വൈപ്പിൻ |
| 9. മേരി ജോൺ, പുത്തൻകാവ് | 10. ലീലാമ്മ നെൽസൺ, അറക്കപ്പടി |
| 11. ഷിജി അനിൽ, ചിറയിൻകീഴ് | 12. എബ്രഹാം തോമസ്, കോയമ്പത്തൂർ |
| 13. മറിയാമ്മ ജോസ്, അടൂർ | 14. റായ്മോൾ സൂസൺ ജോൺസ്, കൊച്ചി |
| 15. ജോളി രാജു, കല്ലിശ്ശേരി | 16. ജോയ്സ് ജേക്കബ്, കറുകച്ചാൽ |
| 17. ജോയ്സ് ഗീവർഗ്ഗീസ്, അടൂർ | 18. ആലീസ് കോര, കോട്ടയം |
| 19. മേരി പി. മാമ്മൻ, കല്ലിശ്ശേരി | 20. മറിയാമ്മ തോമസ്, കുന്നന്താനം |
| 21. മറിയാമ്മ മാത്യു, തിരുവല്ല | 22. ലിബി ജിംസൺ, തൃശൂർ |
| 23. മേഴ്സി ജെയിംസ്, അങ്കമാലി | 24. ഷീജ ബാബുജി, വേങ്കോട് |
| 25. മോളിക്കുട്ടി ബാബു, കരിക്കാട് | 26. ആലീസ് ജോൺ, ഇരിങ്ങാലക്കുട |
| 27. ലാലി സാം, എറണാകുളം | 28. ആലീസ് സാം, കല്ലിശ്ശേരി |
| 29. നൈസി രെഞ്ചി, ചേപ്പാട് | 30. മേഴ്സി മാത്യു, കായനാട് |
| 31. ബേബി മോഹൻ, തൃശൂർ | 32. ബെറ്റ്സി കുര്യൻ, മൂർക്കന്നൂർ |
| 33. ജോളി മാത്യു, കലഞ്ഞൂർ | 34. ജിമ ജോഷ്വാ, ചെറിയതുറ |
| 35. സാലി വർഗ്ഗീസ്, പുത്തൻകാവ് | 36. ഡെയ്സി ജോസ്, മാവേലിക്കര |
| 37. ജെസ്സി സാം, റാന്നി | 38. നാൻസി സാമുവേൽ, കോട്ടയം |
| 39. ജോസ് വി. മാത്യു, ഇരവിപേരൂർ | 40. മോളി ജോയി, മൂവാറ്റുപുഴ |
| 41. ജോളി രാജൻ, ബാംഗ്ലൂർ | 42. ജിൻസി അനീഷ്, കൊടുങ്ങല്ലൂർ |
| 43. പി.വി. എലിസബത്ത്, പേരൂർക്കട | |

ചീഫ് എഡിറ്റർ : സാം സഖറിയ
അസോ. എഡിറ്റർ : സാമുവൽ തോമസ്
മാനേജിംഗ് എഡിറ്റർ : ജോയികുമാർ വി.കെ.
സർക്കുലേഷൻ മാനേജർ : സ്പർജൻ കെ.ജെ.
വാർഷിക വരിസംഖ്യ
ഇന്ത്യയിൽ : ₹ 200/-
വിദേശങ്ങളിൽ : ₹ 3000/-

വാർത്തകളും രചനകളും ഇ-മെയിൽ വഴിയോ, തപാലിലോ, നേരിട്ടോ ചീഫ് എഡിറ്ററുടെ വിലാസത്തിൽ അയയ്ക്കുക.
വരിസംഖ്യയും സംഭാവനകളും സുവിശേഷധ്വനിയെന്ന് മാത്രമെഴുതി മാനേജിംഗ് എഡിറ്ററുടെ വിലാസത്തിൽ അയ്ക്കുക. പരസ്യങ്ങൾ സ്വീകരിക്കുന്നതല്ല.

**Bank Details:**
Account Name : **Suviseshadhwani**
**CSB BANK**, Thiruvananthapuram Main Branch
Account No: 009604073006195001
IFSC Code : CSBK 0000096

**തിരുമൊഴി**

"നീതിയുടെ മാർഗ്ഗത്തിൽ ജീവനുണ്ട്; അതിന്റെ പാതയിൽ മരണം ഇല്ല" (സദൃ. 12:26)

# രാജസ്ഥാൻ ഗ്രാമങ്ങളിലെ വ്യത്യസ്ഥ കാഴ്ചകൾ

**എന്റെ ജനം പ്രാർത്ഥിക്കുന്നുവെങ്കിൽ**



വീട്ടാവശ്യത്തിനുള്ള വെള്ളത്തിനായി അനേകം മൈലുകൾ നടന്നു പോകുന്ന സ്ത്രീകൾ



വിദ്യാഭ്യാസത്തിൽ പിന്നോക്കം നിൽക്കുന്ന ഗ്രാമീണർ, മറ്റൊന്നും ചെയ്യാനില്ലാത്തപ്പോൾ ഹുക്ക വലിച്ച് സമയം കളയുന്നവർ.

## പ്രാർത്ഥിക്കേണ്ട വിഷയങ്ങൾ

1. അവരുടെ ഭാഷയിലേക്ക് തർജ്ജിമ ചെയ്തിരിക്കുന്ന പുതിയനിയമം വായിച്ച് അനേകർ രക്ഷിക്കപ്പെടേണ്ടതിന്.
2. പഴയനിയമവും തർജ്ജിമ ചെയ്യപ്പെടേണ്ടതിന്.
3. പരിഭാഷാ ടീമുകളിൽ കൂടുതൽ പേർ ചെന്നുചേരേണ്ടതിന്

**സമ്പാദനം : ഇ.ജെ. പൈലി**

# വല്യമ്മയും അടുപ്പും പൂവൻ കോഴിയും

**(സുവി. വി.പി. ജേക്കബ് തിരുവനന്തപുരത്തിന്റെ സുവിശേഷം വിശദമാക്കുന്ന കഥകളും ദൃഷ്ടാന്തങ്ങളും എന്ന ഗ്രന്ഥത്തിൽ നിന്ന്)**

കർണ്ണാടകയിലെ ഒരു ഗ്രാമത്തിൽ ഒരു വല്യമ്മ ഉണ്ടായിരുന്നു. വല്യമ്മക്ക് ഒരു പൂവൻ കോഴി ഉണ്ടായിരുന്നു. അത് രാവിലെ കൂകുമ്പോൾ വല്യമ്മ എഴുന്നേറ്റ് അടുപ്പ് കത്തിക്കും. ഗ്രാമക്കാർ വന്ന് വല്യമ്മയുടെ അടുപ്പിൽ നിന്ന് തീ എടുത്ത് കൊണ്ട് പോയി അവരുടെ അടുപ്പുകൾ കത്തിക്കയും ഭക്ഷണം ഉണ്ടാക്കയും ചെയ്യും. കുറച്ചുനാൾ കഴിഞ്ഞ് ഏതോ കാരണത്താൽ വല്യമ്മക്കും ഗ്രാമക്കാർക്കും തമ്മിൽ വഴക്കുണ്ടായി. ഗ്രാമക്കാരെ ഒരു പാഠം പഠിപ്പിക്കണമെന്ന് വല്യമ്മ തീരുമാനിച്ചു. "എന്റെ പൂവൻ കോഴി കൂകുന്നതുകൊണ്ടാണ് ഈ ഗ്രാമത്തിൽ നേരം വെളുക്കുന്നത്. എന്റെ അടുപ്പ് കത്തിക്കുന്നതുകൊണ്ടാണ് ഗ്രാമവാസികൾ അടുപ്പ് കത്തിച്ച് കഞ്ഞിവച്ച് കുടിച്ച് കിടക്കുന്നത്" എന്നായി വല്യമ്മയുടെ ഭാവം അഥവാ അഹംഭാവം, ഒരു ദിവസം വൈകുന്നേരം വല്യമ്മ പൂവൻ കോഴിയേയും പിടിച്ച് അടുപ്പും എടുത്തുകൊണ്ട് അടുത്തുള്ള ഒരു കാട്ടിലേക്ക് പോയി രാത്രി മുഴുവനും അവിടെ കഴിച്ചു. നേരം വെളുത്ത് കുറച്ചു സമയം കഴിഞ്ഞ് വല്യമ്മയുടെ ഗ്രാമക്കാരൻ ഒരു രങ്കണ്ണൻ ആ വഴി പോകുന്നത് വല്യമ്മ കണ്ടു. വല്യമ്മ അയാളെ വിളിച്ച് നിർത്തി ജിജ്ഞാസയോടെ, "എടോ രങ്കണ്ണാ ഇന്ന് നമ്മുടെ ഗ്രാമത്തിൽ നേരം വെളുത്തോ? ഗ്രാമവാസികൾ അടുപ്പ് കത്തിച്ച് ഭക്ഷണം ഉണ്ടാക്കിയോ?" എന്ന് ചോദിച്ചു. "എന്റെ വല്യമ്മേ, എന്നത്തെയും പോലെ ഇന്നും നമ്മുടെ ഗ്രാമത്തിൽ നേരം വെളുത്തു. ഗ്രാമക്കാരെല്ലാം അടുപ്പു കത്തിച്ച് ഭക്ഷണം ഉണ്ടാക്കിക്കഴിഞ്ഞു. ഞങ്ങളുടെ വീട്ടിൽ ഉപ്പുമാവ് ഉണ്ടാക്കി, ഗ്രാമവാസികൾ സാധാരണ ചെയ്യുന്നതുപോലെ ഇന്നും വിവിധ പ്രവർത്തനങ്ങളിൽ പങ്കെടുത്തുകൊണ്ടിരിക്കുന്നു. ഞാൻ ഒരു കാര്യം പ്രമാണിച്ച് അടുത്ത ഗ്രാമത്തിലേക്ക് പോകയാണ്" എന്ന് രങ്കണ്ണൻ ഉത്തരം പറഞ്ഞു. വല്യമ്മ വല്ലാതെ നാണിച്ച് പകൽ കാട്ടിൽ കഴിച്ച് സന്ധ്യയോടെ അധികം ആളുകൾ കാണാതെ പൂവൻ കോഴിയും അടുപ്പുമായി വീട്ടിൽ എത്തി എന്ന് പറഞ്ഞാൽ കഴിഞ്ഞല്ലോ. അങ്ങനെ വല്യമ്മ തന്നെ പാഠം പഠിച്ചു.

വല്യമ്മയുടെ പൂവൻ കോഴി കൂകുന്നതുകൊണ്ടല്ല നേരം വെളുക്കുന്നത്. നേരം വെളുക്കുമ്പോൾ പൂവൻ കോഴി കൂകുന്നു എന്നത് ഒരു കാര്യം. എന്നാൽ കോഴി കൂകുന്നതുകൊണ്ടല്ല നേരം വെളുക്കുന്നത്. വല്യമ്മയുടെ അടുപ്പിൽ നിന്ന് ഗ്രാമവാസികൾ തീ എടുത്ത് അടുപ്പു കത്തിച്ച് ഭക്ഷണം ഉണ്ടാക്കി എന്നത് ഒരു കാര്യം. എന്നാൽ, വല്യമ്മയുടെ അടുപ്പിലെ തീ ഇല്ലെങ്കിലും അവർ മറ്റുവിധത്തിൽ തീ ഉണ്ടാക്കി ഭക്ഷണം പാചകം ചെയ്ത് ജീവിക്കും. ജീവിക്കാതിരിക്കയില്ല. നാം അമ്പതോ നൂറോ രൂപാ സംഭാവന കൊടുക്കുന്നതുകൊണ്ടാണ് കർത്താവിന്റെ വേല നടക്കുന്നതെന്നാണ് നാം ഭാവിക്കുന്നത്. നാം കൊടുത്തില്ലെങ്കിൽ കർതൃവേല അപ്പാടേ മുടങ്ങിപ്പോകും എന്നാണ് നാം വിചാരിക്കുന്നത്. നാം ചെയ്തില്ലെങ്കിലും കൊടുത്തില്ലെങ്കിലും കർത്താവിന്റെ വേല നടക്കും. എന്നാൽ കർത്താവിന്റെ വേലയിൽ നമുക്കുള്ള പങ്കും പ്രതിഫലവും നഷ്ടമാകും. വല്യമ്മക്കുണ്ടായ നിഗളം നമുക്കുണ്ടാകാതിരിക്കട്ടെ. കർത്താവിന്റെ വേലയിൽ നാമാരും അനിവാര്യരല്ല. ●

# C.S.F. യൂത്ത് ക്യാമ്പ് – ആലുവ

**ക്രിസ്ത്യൻ ഡിസ്റ്റേഴ്സ് ഫെല്ലോഷിപ്പിന്റെ ആഭിമുഖ്യത്തിൽ 12 വയസ്സു മുതൽ 30 വയസ്സുവരെ പ്രായമുള്ള യുവസഹോദരിമാർക്കായി മാത്രം ഒരുക്കുന്ന ക്യാമ്പ്**

**2023 ഡിസംബർ 26 ചൊവ്വ രാവിലെ 8.00 മണി മുതൽ 28 വ്യാഴം ഉച്ചയ്ക്ക് 1.00 മണി വരെ**

| | | |
|---|---|---|
| സ്ഥലം | : | ആലുവ വൈ.എം.സി.എ. ക്യാമ്പ് സെന്ററിൽ വച്ച് |
| ക്യാമ്പ് തീം | : | നിന്നെത്തന്നേയും, ഉപദേശത്തേയും സൂക്ഷിച്ചുകൊൾക (1 തിമോഥി. 4:16) |
| ലീഡേഴ്സ് | : | ബ്രദർ എബി.കെ. ജോർജ്, ബ്രദർ ജോബി ജെയിംസ് |

# സുവിശേഷ മഹായോഗം

## മണ്ണാരത്തറ

## 2023 ഡിസംബർ 26 ചൊവ്വ മുതൽ 31 ഞായർ വരെ

കർത്താവിൽ പ്രിയരേ,

ദൈവഹിതമായാൽ ക്രിസ്ത്യൻ ബ്രദറൺ ചർച്ച് മണ്ണാരത്തറയുടെ ആഭിമുഖ്യത്തിൽ **2023 ഡിസംബർ 26 ചൊവ്വ മുതൽ 31 ഞായർ വരെ മണ്ണാരത്തറ കൺവൻഷൻ ഗ്രൗണ്ടിൽ** വച്ച് സുവിശേഷ യോഗങ്ങൾ നടത്തുവാൻ കർത്താവിൽ ആശ്രയിച്ച് തീരുമാനിച്ചിരിക്കുന്നു. പ്രസ്തുത യോഗങ്ങളുടെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കുകയും കടന്നുവന്ന് സംബന്ധിക്കുകയും ചെയ്യണമെന്ന് കർത്തൃനാമത്തിൽ താൽപര്യപ്പെടുന്നു.

**പ്രസംഗകർ :**

സുവി. **ചാണ്ടപ്പിള്ള ഫിലിപ്പ്**, കോട്ടയം

സുവി. **പി.എസ്. തമ്പാൻ**, കരിയംപ്ലാവ്

സുവി. **ബിജു ചുവന്നമണ്ണ്**, തൃശൂർ

| രാത്രി യോഗങ്ങൾ : | പകൽ യോഗങ്ങൾ : | ആരാധനാ യോഗം : |
|---|---|---|
| വൈകിട്ട് 7.00 മുതൽ 9.00 വരെ (ചൊവ്വ - ശനി) | രാവിലെ 10.30 മുതൽ 12.00 വരെ (ബുധൻ - ശനി) | ഞായർ 10.00 മുതൽ 1.00 വരെ |

ഗാന ശുശ്രൂഷ ചർച്ച് ക്വയർ

സഭയ്ക്കുവേണ്ടി,
വി.എസ്. വർഗ്ഗീസ്
കെ.വി. മാത്യു

# 23 ഫിലേമോൻ ലേഖന പഠനം

## എന്നെപ്പോലെ ചേർത്തുകൊൾക

**സാംസൺ ഹെൻറി, കൊല്ലം**

**ദൈവം ആദ്യം നമ്മെ സ്നേഹിച്ചു. നാം അന്യോന്യം സ്നേഹിക്കുമ്പോൾ യഥാർത്ഥത്തിൽ നാം ദൈവത്തെ സ്നേഹിക്കുകയാണ്. ദൈവത്തെ സ്നേഹിക്കുന്നവൻ സഹോദരനെയും സ്നേഹിക്കേണം എന്നു അപ്പൊ സ്തലനായ യോഹന്നാൻ പറയുന്നു. യോഹ. 4:19,20 "അവൻ ആദ്യം നമ്മെ സ്നേഹിച്ചതുകൊണ്ടു നാം സ്നേഹിക്കുന്നു.**

അവനെ എന്നെപ്പോലെ ചേർത്തുകൊൾക (ഫിലേ. 17) എന്നു പൗലൊസ് പറയുമ്പോൾ യേശുകർത്താവിന്റെ ഒലിവുമല പ്രഭാഷണത്തിലെ വാക്കുകളോടു ബന്ധപ്പെട്ടിരിക്കുന്നു.

"അതിന്നു അവർ: കർത്താവേ, ഞങ്ങൾ നിന്നെ വിശക്കുന്നവനോ ദാഹിക്കുന്നവനോ അതിഥിയോ നഗ്നനോ രോഗിയോ തടവിലോ ആയി എപ്പോൾ കണ്ടു നിനക്കു ശുശ്രൂഷ ചെയ്യാതിരുന്നു എന്നു ഉത്തരം പറയും. അവൻ അവരോടു: ഈ ഏറ്റവും ചെറിയവരിൽ ഒരുത്തന്നു നിങ്ങൾ ചെയ്യാഞ്ഞടത്തോളമെല്ലാം എനിക്കു ആകുന്നു ചെയ്യാഞ്ഞതു എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു എന്നു ഉത്തരം അരുളും." (മത്താ. 25:44,45). ഒരു എളിയസഹോദരനെ സ്നേഹിക്കുകയും ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്നത് ക്രിസ്തുവിനെ സ്നേഹിക്കുകയും ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്നതിനു തുല്യമാണ്. "നിങ്ങളെ കൈക്കൊള്ളുന്നവൻ എന്നെ കൈക്കൊള്ളുന്നു" (മത്താ. 10:40) എന്നും കർത്താവു ശിഷ്യഗണത്തോടു പറഞ്ഞു. ഒനേസിമൊസ് എന്ന ദാസനെ അവൻ യജമാനനായ ഫിലേമോൻ സ്വീകരിക്കുമെങ്കിൽ അതു പൗലൊസിനെയും ദൈവത്തെയും ആദരിക്കുന്ന പ്രവൃത്തിയാണ്. പൗലൊസിനെ എപ്രകാരം ഫിലേമോൻ സ്വീകരിക്കുമോ അതുപോലെ ഒനേസിമൊസിനെ സ്വീകരിക്കണമെന്നാണ് അപ്പൊസ്തലന്റെ അപേക്ഷ. അപ്പോൾത്തന്നെ ഒനോസിമൊസിനെക്കൊണ്ടു ഒരു ജോലിയും ചെയ്യിക്കാതെ എക്കാലവും ഫിലേമോന്റെ ഒരു അതിഥിയായി ഭവനത്തിൽ കാണണമെന്നു അർത്ഥമില്ല. ഒനേസിമൊസ് ഫിലേമോന്റെ വീട്ടിലെ ദാസനായി സ്വീകരിക്കുമ്പോൾത്തന്നെ അവനെ ക്രിസ്തുവിൽ സഹോദരനുമായി കാണണമെന്നേയുള്ളു.

ദൈവം ആദ്യം നമ്മെ സ്നേഹിച്ചു. നാം അന്യോന്യം സ്നേഹിക്കുമ്പോൾ യഥാർത്ഥത്തിൽ നാം ദൈവത്തെ സ്നേഹിക്കുകയാണ്. ദൈവത്തെ സ്നേഹിക്കുന്നവൻ സഹോദരനെയും സ്നേഹിക്കേണം എന്നു അപ്പൊസ്തലനായ യോഹന്നാൻ പറയുന്നു. യോഹ. 4:19,20 "അവൻ ആദ്യം നമ്മെ സ്നേഹിച്ചതുകൊണ്ടു നാം സ്നേഹിക്കുന്നു. ഞാൻ ദൈവത്തെ സ്നേഹിക്കുന്നു എന്നു പറകയും തന്റെ സഹോദരനെ പകെക്കയും ചെയ്യുന്നവൻ കള്ളനാകുന്നു. താൻ കണ്ടിട്ടുള്ള സഹോദരനെ സ്നേഹിക്കാത്തവന്നു കണ്ടിട്ടില്ലാത്ത ദൈവത്തെ സ്നേഹിപ്പാൻ കഴിയുന്നതല്ല. ദൈവത്തെ സ്നേഹിക്കുന്നവൻ സഹോദരനെയും സ്നേഹിക്കേണം എന്നീ കല്പന നമുക്കു അവങ്കൽ നിന്നു ലഭിച്ചിരിക്കുന്നു." ക്രിസ്തുവിന്റെ സ്നേഹം അനുഭവിച്ചറിഞ്ഞ വിശ്വാസികൾ തമ്മിൽ തമ്മിൽ സ്നേഹിക്കണം. സ്നേഹത്തിൽ അടിമയും യജമാനനും ദാസനും സ്വതന്ത്രനുമെന്നില്ല. ക്രിസ്തുവിൽ അവർ ഒന്നാണ്. ഇപ്രകാരമുള്ള സ്നേഹമാണ് ഫിലേമോനിൽ നിന്നു പൗലൊസു പ്രതീക്ഷിക്കുന്നതും.

"ആകയാൽ നീ എന്നെ കൂട്ടാളി എന്നു കരുതുന്നു എങ്കിൽ അവനെ എന്നെപ്പോലെ ചേർത്തുകൊൾക" (ഫിലേ.17) എന്ന പൗലൊസിന്റെ അപേക്ഷ യേശുക്രിസ്തുവിനെ കർത്താവും രക്ഷിതാവും ആയി സ്വീകരിക്കുന്ന സകല മനുഷ്യരോടും ബന്ധപ്പെട്ടിരിക്കുന്നു. മാത്രവുമല്ല ക്രിസ്തുവിലൂടെ ദൈവമക്കളായി സ്വീകരിക്കുന്ന പിതാവായ ദൈവത്തിന്റെ സ്നേഹത്തെയും ഇത് പ്രദർശിപ്പിക്കുന്നു. അതായത് ക്രിസ്തുവിനെ പിതാവായ ദൈവം സ്വീകരിച്ചതുപോലെ നമ്മെയും ദൈവം സ്വീകരിക്കുന്നു. ●

# കർത്താവിൽ വസിക്കുന്ന വിശ്വാസിയുടെ ജയജീവിതം

**സി.എച്ച്. സ്പർജൻ**

കർത്താവിൽ വിശ്വസിക്കുന്നവർ നല്ല മുന്തിരിവള്ളിയോട് ഒട്ടിച്ചു ചേർത്തവരും സുരക്ഷിതരുമാണ്. അവർ കർത്താവിൽ വളരുന്നവരും ജീവൻ പ്രാപിച്ചവരുമാണ്. അവർ കർത്താവിൽ വസിക്കുന്നവരാണ്. "അവനിൽ വിശ്വസിക്കുന്നവർ കർത്താവ് നടന്നതുപോലെ നടക്കേണ്ടതാകുന്നു". അവർ കർത്താവിൽ ഒന്നിച്ചു ചേർന്നവരും പണിയപ്പെട്ടവരുമാണ്.

**കർത്താവിൽ നിന്നും ജനിച്ചവരെല്ലാം കർത്താവ് നന്മ ചെയ്തതുപോലെ നന്മ പ്രവൃത്തികൾ ചെയ്യണം. കർത്താവിൽ നിന്നും ജനിച്ചവരുടെ ചിന്തകളും, പ്രവൃത്തികളും, വാക്കുകളും എല്ലാം കർത്താവിന്റെ കല്പനകൾ അനുസരിച്ചായിരിക്കണം.**

അപ്പൊസ്തലനായ യോഹന്നാൻ പറയുന്നത് "കുഞ്ഞുങ്ങളെ അവനിൽ വസിപ്പിൻ". കർത്താവിൽ നിന്നും ലഭിച്ച വാക്കുകളുടെ ധ്വനിയാണിത്. യോഹന്നാന്റെ സുവിശേഷം പതിനഞ്ചാം അധ്യായത്തിൽ കർത്താവു പറയുന്നത് "നിങ്ങൾ എന്നിൽ വസിപ്പിൻ; ഞാൻ നിങ്ങളിലും വസിക്കും". "കൊമ്പിനു മുന്തിരിവള്ളിയിൽ വസിച്ചിട്ടല്ലാതെ ഫലം പുറപ്പെടുവിക്കുവാൻ കഴിയുകയില്ല". എന്നിൽ വസിച്ചാൽ എന്റെ വചനം നിങ്ങളിൽ വസിക്കും. എന്റെ നാമത്തിൽ എന്തു ചോദിച്ചാലും നിങ്ങൾക്കു ലഭിക്കും. "വസിക്കുക" എന്നത് കർത്താവിന് ഏറ്റവും ഇഷ്ടമുള്ള കാര്യമാണ്. കർത്താവ് രക്ഷിതാവും, മധ്യസ്ഥനും, പാപത്തിന്റെ പരിഹാരത്തിന് ക്രൂശിന്മേൽ മരിച്ചവനുമാണ്. സത്യത്തിൽ നിലനിൽക്കണം. വിശ്വാസത്തിന്റെ അടിസ്ഥാന ഉപദേശത്തിന് ഒരിക്കലും മാറ്റമില്ല.

ലോകത്തിൽ ഓരോരുത്തരേയും മലിനപ്പെടുത്തുവാനുള്ള അനേകം കാര്യങ്ങളുണ്ട്. വിശ്വാസത്താൽ മാറ്റം വരുവാനായി ലോകത്തിൽ അനേകരുണ്ട്. അവരുടെ സാമർത്ഥ്യവും, ചിന്തകളും അതിനായി വിനിയോഗിക്കും. അങ്ങനെയുള്ളവരെക്കുറിച്ച് പൗലോസ് പറഞ്ഞിരിക്കുന്നത് "എത്ര പരിജ്ഞാനം പ്രാപിച്ചിട്ടും സത്യത്തിന്റെ പരിജ്ഞാനത്തിൽ എത്തുവാൻ സാധിക്കാത്തവർ".

കൊമ്പ് മുന്തിരിവള്ളിയിൽ ചേർന്നിരിക്കുകയാണ്. ഓരോ വിശ്വാസിയും ദൈവസഭ എന്ന ശരീരത്തിന്റെ ഒരു അവയവം ആയതുകൊണ്ട് ശരീരത്തിൽ വസിക്കണം. കർത്താവ് എല്ലാത്തിനും മതിയായവൻ. "കർത്താവിൽ വസിക്കുക. കർത്താവിൽ എല്ലാം ലഭിക്കും".

കർത്താവിനെ സ്നേഹിച്ചു കർത്താവിനെപ്പോലെ ജീവിക്കണം. നമ്മെ സ്നേഹിക്കുന്ന കർത്താവിനുവേണ്ടി ആകണം നമ്മുടെ ജീവിതം. ലോകത്തിലുള്ള ഒന്നിനെയും സ്നേഹിക്കരുത്. ലോകത്തെ സ്നേഹിക്കുന്നവന് പിതാവിന്റെ സ്നേഹമില്ല. കർത്താവിനുവേണ്ടി ജീവിക്കുന്നത് ഏറ്റവും വലിയ അനുഗ്രഹമാണ്. അതിൽ തുടരണം.

കർത്താവിൽ നിന്നും ജനിച്ചവരെല്ലാം കർത്താവ് നന്മ ചെയ്തതുപോലെ നന്മ പ്രവൃത്തികൾ ചെയ്യണം. കർത്താവിൽ നിന്നും ജനിച്ചവരുടെ ചിന്തകളും, പ്രവൃത്തികളും, വാക്കുകളും എല്ലാം കർത്താവിന്റെ കല്പനകൾ അനുസരിച്ചായിരിക്കണം. കർത്താവിന്റെ കല്പനകൾ നിറവേറ്റുവാൻ സകല ഉത്സാഹവും കഴിക്കണം. എല്ലാത്തിലും സത്യസന്ധത പാലിക്കണം. യാതൊരു തടസ്സവുമില്ലാതെ ധാരാളമായി സ്നേഹിക്കുന്നു എങ്കിൽ അങ്ങനെ തന്നെ തുടരണം.

കർത്താവിനോടു ചേർന്നു നടക്കുമ്പോൾ ഉപദ്രവം ഉണ്ടാകും എന്നറിയുക. ഉപദ്രവങ്ങൾ സഹിക്കുമ്പോൾ സന്തോഷിക്കുവാനിടയാകും. അനേകസഭകൾ ഉപദേശങ്ങളിൽ വിട്ടുവീഴ്ച ചെയ്യുവാൻ തയ്യാറാകും. മാത്രമല്ല പൈശാചിക ഉപദേശവുമായി യോജിക്കുകയും ലോകവ്യവസ്ഥിതി പ്രായോഗികമാക്കുകയും ചെയ്യും. കർത്താവിൽ വസിക്കുകയും, കുഞ്ഞാടു പോകുന്നിടത്തെല്ലാം അനുഗമിക്കുകയും ചെയ്യണം. നമുക്കു ലഭിച്ചിരിക്കുന്ന നിത്യജീവൻ കർത്താവിൽ നിന്നും ലഭിച്ചിട്ടുള്ളതാണ്. കർത്താവ് എല്ലാമാണ്. നമ്മുടെ രക്ഷിതാവുമാണ്. കർത്താവിൽ വിശ്വസിച്ചപ്പോൾ ആരംഭദിവസം എന്താണോ ലഭിച്ചത് അതു തുടർന്നും ലഭിക്കും. ഈ ഐക്യത്തിൽ എന്നും തുടരണം.

"അവനിൽ വസിക്കുക" എന്നു പറഞ്ഞാൽ ദൈവഹിതം അറിഞ്ഞു ജീവിക്കുകയും, കർത്താവിനാൽ നിയന്ത്രിക്കപ്പെടുകയും വേണം. കർത്താവിൽ വസിക്കുക എന്നു പറഞ്ഞാൽ കർത്താവിന്റെ നേതൃത്വം പൂർണ്ണമായി അംഗീകരിക്കുക എന്നാണ്. കർത്താവ് സഭയുടെ ശിരസ്സും, സഭ ശരീരവുമായതുകൊണ്ട് എല്ലാ പ്രവർത്തനങ്ങളെയും നിയന്ത്രിക്കുന്നത് ശിരസ്സായ കർത്താവാണ്. അവനിൽ വസിക്കുക എന്നു പറഞ്ഞാൽ ജീവിതത്തിന്റെ എല്ലാവശങ്ങളിലും അവനെ അനുസരിക്കണം. മോശ പറയുന്നത് "കർത്താവേ എല്ലാക്കാലവും ഞങ്ങൾ അവനിലാണ് വസിക്കുന്നത്. കർത്താവേ, ഞാൻ ഒരു ഭവനത്തിലാണ്. മറ്റെവിടെയുമല്ല, നിന്നിലാണ്. മറ്റെവിടെയാണെങ്കിലും താമസസ്ഥലം മാറിക്കൊണ്ടിരിക്കണം. എന്തെല്ലാം ഉണ്ടെങ്കിലും എനിക്കത് നഷ്ടപ്പെടും. കാരണം ഞാനതെല്ലാം വിടേണ്ടതാണ്. കർത്താവേ, നീ മാറാത്തവനും അനന്യനുമാണ്.

അവനിൽ വസിക്കുക എന്നു പറഞ്ഞാൽ അവനോടുകൂടെ ജീവിക്കുക എന്നാണ്. അവനെ മുറുകെപ്പിടിക്കുമ്പോൾ മറ്റു കാര്യങ്ങളെല്ലാം ദൂരെക്കളയണം. ഇങ്ങനെ പറയാം "എന്റെ ആത്മാവേ മടങ്ങിവന്ന് അവനിൽ വിശ്രമിക്കുക. ദൈവം നിന്നോട് അനുഗ്രഹമായി ഏർപ്പെട്ടിരിക്കുന്നു.

എന്തുകൊണ്ടാണ് നാം അവനിൽ വസിക്കണം എന്ന് അപ്പൊസ്തലൻ ഊന്നിപറയുന്നത്. ഭൗതീകമായ ചില നിയമങ്ങൾ പോലെയല്ല നാം അവനിൽ വസിക്കുന്നത്. മാനസികവും, ആത്മീകവുമായ ചില നിബന്ധനകൾക്കു വിധേയമായിട്ടാണ്. നമ്മിൽ ഉളവായ ചില സ്വർഗ്ഗീയ കൃപകൾക്കനുസരിച്ചാണ് നാം അവനിൽ വസിക്കുന്നത്. അപ്പോഴും ദൈവത്തിന്റെ വാഗ്ദത്തത്തോടുകൂടിയ പ്രമാണങ്ങളെ അനുസരിക്കണം. കാരണം അവനിൽ വസിക്കുന്നത് മാറ്റമില്ലാത്ത ദൈവകൃപയിലും, സ്നേഹത്തിലുമാണ്. രക്ഷിക്കപ്പെട്ടപ്പോൾ കർത്താവിൽ വസിക്കുന്നതിനായി പരിശുദ്ധാത്മാവിനെ തന്നു. "അവനാൽ പ്രാപിച്ച അഭിഷേകം നിങ്ങളിൽ വസിക്കുന്നു. ആരും നിങ്ങളെ ഉപദേശിപ്പാൻ ആവശ്യമില്ല. അവന്റെ അഭിഷേകം തന്നെ സകലവും ഉപദേശിച്ചുതരികയാലും നിങ്ങൾ അവനിൽ വസിപ്പിൻ" (1 യോഹ. 2:27).

പരിശുദ്ധാത്മാവ് നമ്മുടെ ഹൃദയങ്ങളിൽ അത്യധികം സന്തോഷമുണ്ടാക്കും. കർത്താവു പറഞ്ഞു "ദാഹിക്കുന്നവൻ എല്ലാം എന്റെ അടുക്കൽ വന്നു കുടിക്കട്ടെ. എന്നിൽ വിശ്വസിക്കുന്നവന്റെ ഉള്ളിൽ നിന്നു തിരുവെഴുത്തു പറയുന്നതുപോലെ ജീവജലത്തിന്റെ നദികൾ ഒഴുകും എന്നു വിളിച്ചു പറഞ്ഞു" (യോഹ. 7:37,38).

▶▶ ശേഷം 6-ാം പേജിൽ

▶▶ 1-ാം പേജ് തുടർച്ച

# ക്രിസ്തുവില്ലാത്ത ക്രിസ്തുമസ്സ് ആഘോഷങ്ങൾ

നാണ് ഈ കാർഡ് ഇപ്പോൾ അയക്കുന്നത്". ഈ കാർഡ് കിട്ടിയ നാൽപ്പത്തൊന്ന് (41) പത്തുപേരും അവരുടെ സമ്മാനത്തിന് എന്തുപറ്റി എന്ന് ആശ്ചര്യത്തോടുകൂടി കാത്തിരിക്കുന്നവരാണ്. എന്നാൽ ദൈവം നമ്മോട് ചെയ്ത വാഗ്ദത്തം നിറവേറ്റാതെ പോയോ? വർഷങ്ങൾക്കുമുൻപേ യെശയ്യാ പ്രവാചകനിൽ കൂടെ അറിയിച്ച വാഗ്ദത്തം ഓർക്കുമല്ലോ. "കന്യക ഗർഭിണിയായി ഒരു മകനെ പ്രസവിക്കും, അവന് ഇമ്മാനുവേൽ എന്ന് പേർ വിളിക്കും" (യെശയ്യാ. 7:14) മാത്രമല്ല യെശയ്യാ 9:6-ൽ നാം ഇപ്രകാരം വായിക്കുന്നു "നമുക്കൊരു ശിശു ജനിച്ചിരിക്കുന്നു, നമുക്കൊരു മകൻ നൽകപ്പെട്ടിരിക്കുന്നു. ആധിപത്യം അവന്റെ തോളിലായിരിക്കും". പ്രിയപ്പെട്ടവരേ, ദൈവം തന്റെ വാക്കു പാലിച്ചോ? അവൻ വാക്കു പാലിച്ചിരിക്കുന്നു 1 ഗലാത്യർ 4:4 -ൽ ഇപ്രകാരം വായിക്കുന്നു. എന്നാൽ കാലസമ്പൂർണ്ണത വന്നപ്പോൾ ദൈവം തന്റെ പുത്രനെ സ്ത്രീയിൽ നിന്നും ജനിച്ചവനായി നിയോഗിച്ചയച്ചത് അവൻ ന്യായപ്രമാണത്തിൻ കീഴിലുള്ളവരെ വിലക്ക് വാങ്ങിയിട്ട് നാം പുത്രത്വം പ്രാപിക്കേണ്ടതിനു തന്നെ". ലോകമെമ്പാടുമുള്ള ക്രിസ്ത്യാനികൾ എന്നഭിമാനിക്കുന്നവർ ക്രിസ്തുമസ് ആഘോഷിക്കാനായി കാത്തിരിക്കുമ്പോൾ, ദൈവം തന്റെ വാഗ്ദത്തം നിറവേറ്റിയിട്ടുണ്ട് എന്ന കാര്യം മറക്കരുത്. എന്നാൽ തങ്ങളെ സംബന്ധിച്ചിടത്തോളം യേശുക്രിസ്തു വന്ന് ജീവിതത്തിൽ എന്തു സ്ഥാനമാണ് കൊടുത്തിരിക്കുന്നത് എന്നത് തീർച്ചയായും ചിന്താവിഷയമാക്കേണ്ടതാണ്" പറഞ്ഞുതീരാത്ത ദാനം നിമിത്തം ദൈവത്തിന് സ്തോത്രം (2 കോരി. 9:15).

മനുഷ്യജന്മമെടുത്ത വചനമാണ് ക്രിസ്തു. അവിടുത്തെ ദിവ്യതേജസ്സ്, പിതാവിൽ നിന്നുള്ള ഏകജാതന്റെ ദിവ്യതേജസ്സായി തങ്ങൾ ദർശിച്ചു എന്ന് ക്രിസ്തുവിന്റെ ശിഷ്യന്മാർ സാക്ഷ്യം വഹിച്ചു. ഈ ദിവ്യതേജസ്സ് ദർശിക്കുവാൻ നമുക്ക് കഴിയുന്നില്ലെങ്കിൽ ക്രിസ്തുമസ്സ് കൊണ്ടാടുന്നതിൽ എന്താണർത്ഥം? ക്രിസ്തുവിൽ കൂടി ദൈവത്തോടും കൂട്ടിയിണക്കപ്പെടാത്തവർ ക്രിസ്തുമസ്സും ആഘോഷിക്കുന്നതിൽ ഔചിത്യമില്ല. നമ്മുടെ ജീവിതാനുഭവങ്ങളിൽ കൂടെ ദൈവം ഇവിടെയുണ്ട് എന്ന് പറയുവാൻ കഴിയുമോ? ദൈവത്തെപ്പറ്റി കേട്ടിട്ടുണ്ട്, വായിച്ചിട്ടുണ്ട്, പഠിപ്പിച്ചിട്ടുണ്ട് എന്നെല്ലാം നമുക്ക് പറയാൻ കഴിഞ്ഞേക്കാം. പക്ഷേ ദൈവം എന്റെ ജീവിതത്തിലുണ്ട് എന്ന് നമുക്ക് പറയുവാൻ കഴിയാത്തിടത്തോളം കാലം ക്രിസ്തുമസ്സിന്റെ അനുഭവത്തിൽ നിന്നും അകന്നാണ് നാം നിൽക്കുന്നത്.

മുൻപൊരുദിവസം മലയാള മനോരമയിലെ "ചിന്താവിഷയ"ത്തിൽ പ്രസിദ്ധീകരിച്ചിരുന്ന ഒരു സംഭവകഥ ഇപ്രകാരമായിരുന്നു. മോടിയായ വസ്ത്രധാരണം ചെയ്ത രണ്ട് വനിതകൾ ഒരു പഞ്ചനക്ഷത്ര ഹോട്ടലിലെ റെസ്റ്റോറന്റിൽ എത്തി വിഭവസമൃദ്ധമായ വിരുന്നിന് ഓർഡർ നൽകി. ഭോജ്യങ്ങൾ ഓരോന്നോരോന്നായി മേശയിൽ എത്തിക്കൊണ്ടിരുന്നപ്പോൾ അവരോട് അടുപ്പമുള്ള ഒരു സുഹൃത്ത് അവിടേക്ക് കടന്നുവന്നു. ആഹ്ലാദപൂർവ്വം ഭക്ഷണം കഴിച്ചുകൊണ്ടിരുന്ന സുഹൃത്തുക്കളെ സമീപിച്ച് അവർ ചോദിച്ചു "എന്താണ്, പ്രത്യേക കാരണങ്ങൾ വല്ലതുമുണ്ടോ നിങ്ങൾ ഇവിടെ വരാൻ?" ഒരുവൾ മറുപടി പറഞ്ഞു "ഉണ്ട് ഇന്ന് എന്റെ മകന്റെ ജന്മദിനമാണ് അവന് രണ്ട് വയസ്സ് തികഞ്ഞു". ആശ്ചര്യഭാവത്തോട് സുഹൃത്ത് ചോദിച്ചു "പക്ഷേ കുട്ടി എവിടെ?" അമ്മയുടെ മറുപടി ഓ അവനെ ഞാൻ എന്റെ അമ്മയുടെ അടുക്കൽ ഏൽപ്പിച്ചിട്ട് പോന്നു. അവൻ മഹാ കുസൃതിയാണ്. ഞങ്ങളുടെ പാർട്ടി കഴിഞ്ഞു ചെല്ലുന്നതുവരെ നോക്കാമെന്നേറ്റിട്ടുണ്ട്. അവൻ ഇവിടെ വന്നിരുന്നെങ്കിൽ നേരെ ചൊവ്വെ ഭക്ഷണം കഴിക്കാൻ സാധിക്കുമായിരുന്നില്ല". ഇതു വായിക്കുമ്പോൾ നമ്മുടെ പ്രതികരണം എന്തായിരിക്കും? കുട്ടിയുടെ ജന്മദിനം ആഘോഷിക്കുമ്പോൾ അവൻ ഇല്ലാതെ വരിക! എത്ര ലജ്ജാകരമായ അവസ്ഥ! ആ മാതാവിനെപ്പറ്റി എന്തു തോന്നും? ഉള്ളിൽ പുച്ഛവും, അമർഷവും. മാതൃത്വത്തിന് തന്നെ ആ സ്ത്രീ അപമാനമാണ് എന്ന് നാം വിധി എഴുതും. മകനെ കൂടാതെയുള്ള ജന്മദിനാഘോഷം.

പ്രിയപ്പെട്ടവരേ! ഇന്ന് സംഭവിച്ചിരിക്കുന്നതും ഇതു തന്നെയല്ലയോ? മനുഷ്യപുത്രനായി അവതരിച്ച ക്രിസ്തുവിന്റെ ജന്മദിനം എത്രയും ആർഭാടമായി ആചരിക്കുന്നു. പക്ഷേ ക്രിസ്തുവിന് ആഘോഷത്തിൽ പങ്കുണ്ടോ? പാശ്ചാത്യരാജ്യങ്ങളിൽ ക്രിസ്തുമസ് കാർഡുകൾക്കും പാർട്ടികൾക്കുമായി എത്രയോ രൂപ പൊടിപൊടിക്കുന്നു. മദ്യത്തിന്റെ ഒഴുക്കിനെപ്പറ്റി പറയേണ്ടതുമില്ല. എത്രമാത്രം വാഹനാപകടങ്ങൾ. കാരണം അന്നെല്ലാവരും മദ്യലഹരിയിലാണ്. ഈ ആഘോഷങ്ങളിൽ ക്രിസ്തുവിന് എന്തു സ്ഥാനം? "അവൻ കൂടെയുണ്ടെങ്കിൽ നേരെ ചൊവ്വേ ഇതൊന്നും ആസ്വദിക്കുവാൻ സമ്മതിക്കുകയില്ല". യേശുക്രിസ്തുവിന്റെ സാന്നിദ്ധ്യം അവിടുത്തെ പേരിൽ, അവിടുത്തെ കൂടാതെ ആഘോഷങ്ങൾ പൊടിപൊടിക്കുകയാണ്.

ഒരു ക്രിസ്തുമസ് ദിനത്തിൽ ഗാന്ധിജി ആഫ്രിക്കയിൽ നിന്ന് ഇൻഡ്യയിലേക്ക് പോരുമ്പോൾ ഒരു ക്രിസ്തുമസ് സന്ദേശം നൽകണമെന്ന് സഹയാത്രികർ അദ്ദേഹത്തോടു പറഞ്ഞു "ക്രിസ്തുമസ് എന്നു പറഞ്ഞാൽ ഒരു കയ്യിൽ മാംസവും, മറ്റെ കൈയിൽ മദ്യകുപ്പിയുമായിരിക്കുന്ന ഒരാളിന്റെ ചിത്രമാണ് തന്റെ മനസ്സിൽ എന്നദ്ദേഹം പറയുകയുണ്ടായി. ഏതാണ്ട് അതേ ചിത്രം തന്നെയല്ലേ പലരുടേയും ക്രിസ്തുമസ് ആഘോഷങ്ങളിൽ നാം കാണുന്നത്. ക്രിസ്തുവില്ലാത്ത ക്രിസ്തുമസ്സ് ആഘോഷങ്ങൾക്ക് സർവ്വജനത്തിനുമുണ്ടാകുവാനുള്ള മഹാസന്തോഷത്തിന്റെ സന്ദേശം ലോകത്തിന് നൽകുവാൻ കഴിയുമോ?

ഇതുപോലെയുള്ള അനേകപിശകുകൾ ക്രിസ്തീയഗോളത്തിൽ വന്നു സംഭവിച്ചുകൊണ്ടിരിക്കുന്നു. ഇന്ന് ചിലർ ക്രിസ്തുവിനെ ആദരിക്കുന്നു, പ്രസംഗിക്കുന്നു. എന്നാൽ ക്രൂശിക്കപ്പെട്ട ക്രിസ്തു അവർക്ക് ഒരു പ്രധാനവിഷയമല്ല. ക്രിസ്തുവില്ലാത്ത ക്രൂശ്. ക്രൂശില്ലാത്ത ക്രിസ്തു. ഇതു രണ്ടും ഒന്നുപോലെ തെറ്റാണ്. അതുപോലെ തന്നെ ക്രിസ്തുവില്ലാത്ത ക്രിസ്തുമസ്സും. ക്രിസ്തുവിന്റെ സാന്നിദ്ധ്യം ഉറപ്പാക്കുന്ന വിധത്തിലായിരിക്കട്ടെ നമ്മുടെ എല്ലാ പരിപാടികളും ആഘോഷങ്ങളും. "ആകയാൽ നിങ്ങൾ തിന്നാലും, കുടിച്ചാലും എന്തു ചെയ്താലും എല്ലാം ദൈവത്തിന്റെ മഹത്വത്തിനായി ചെയ്‌വിൻ" (1 കോരി. 10:31) എന്ന പൗലോസപ്പോസ്തലന്റെ ആഹ്വാനം നമ്മുടെ ഹൃദയങ്ങളിൽ മുഴങ്ങി കേൾക്കട്ടെ.

നമ്മുടെ ക്രിസ്തീയ ജീവിതത്തിലുടനീളം നമ്മെ നയിക്കേണ്ട രണ്ടു പ്രധാനപ്പെട്ട കാര്യങ്ങൾ ഉണ്ട്. ഒന്നാമത്തേത് ദൈവത്തിന്റെ മഹത്വവും, രണ്ടാമത്തേത് നമ്മോടുകൂടിയുള്ള ജനത്തിന്റെ ക്ഷേമവും. നാം ഏർപ്പെടുന്ന ഏതൊരു കാര്യത്തിലും "ഇതിൽ ദൈവത്തിന്റെ മഹത്വത്തിനായി എന്തെങ്കിലും ഉണ്ടോ?" എന്ന ചിന്ത നമ്മെ ഭരിക്കേണ്ടതാണ്. അതിൽ പങ്കെടുക്കുന്നതിന് മുൻപും നമ്മുടെ തലകളെ വണക്കി നമ്മൾ ചെയ്യുവാൻ പോകുന്ന ആ കാര്യം നിമിത്തം അവൻ ഉയർത്തപ്പെടുമോ എന്ന് കർത്താവിനോട് ചോദിക്കുവാൻ നമ്മൾക്ക് കഴിയുമോ? കഴിയേണ്ടതാണ്. ദൈവനാമം മഹത്വപ്പെടുമാറാകട്ടെ. ●

1-ാം പേജ് തുടർച്ച

# നാം അഭിഷിക്തൻമാർ

**അഭിഷേകം ചെയ്യേണ്ട സ്ഥാനം ഏത്?**

സങ്കീ. 23:5 –ൽ എന്റെ തലയെ എണ്ണകൊണ്ട് അഭിഷേകം ചെയ്യുന്നു എന്നും സങ്കീ. 133 –ൽ അഹരോന്റെ തലയിൽ ഒഴുകിയ അഭിഷേകതൈലം എന്നും വായിക്കുന്നു. എങ്കിൽ ദൈവം അഭിഷേകം ചെയ്തത് ക്രിസ്തുവിന്റെ ശരീരമായ സഭയേയോ; ശരീരത്തിലെ അവയവങ്ങളിലോ അല്ല – ദൈവം അഭിഷേകം ചെയ്തത് എഫെ. 5:23, കൊലോ. 1:18, 1 കൊരി. 6:15, റോമ. 12:5.

**നാം അഭിഷിക്തർ ആയത് എങ്ങനെ?**

133–ാം സങ്കീർത്തനത്തിൽ അഹരോന്റെ തലയിൽ നിന്നൊഴുകിയ അഭിഷേക തൈലം വസ്ത്രത്തിന്റെ വിളുമ്പു വരേയും (കാൽപാദം വരേയും) ഒഴുകി ചെന്നതായി നാം വായിക്കുന്നു. ഇതുപോലെ സഭയുടെ ശിരസ്സിൽ (അഥവാ നസ്രായനായ യേശുവിനെ) ദൈവം ചെയ്ത അഭിഷേകതൈലം സഭയാകുന്ന ശരീരത്തിലൂടെ ഒഴുകി ദൈവമക്കളായ അവയവങ്ങളിലും വ്യാപിച്ചു അങ്ങനെ സഭ പൂർണമായിട്ടും അഭിഷിക്തയായിത്തീർന്നു. രക്ഷിക്കപ്പെടുന്നവരെ കർത്താവിന്റെ ശരീരമാകുന്ന സഭയോട് കർത്താവ് ചേർക്കുമ്പോൾ ആ വ്യക്തിയും അഭിഷിക്തനായി മാറുന്നു. ക്രിസ്തുവിന്റെ ശരീരമായ സഭയിൽ അഭിഷേകം ഉള്ളവരെന്നും, ഇല്ലാത്തവർ എന്നും 2 തരം വിശ്വാസികൾ ഇല്ല. അഭിഷിക്തൻ ക്രിസ്തുവായതുകൊണ്ട് നാം ക്രിസ്തുവിനോട് ചേർന്നപ്പോൾ അഭിഷിക്തരായിത്തീർന്നു.

**അഭിഷേകവും, അന്യഭാഷയും തമ്മിൽ എന്ത് ബന്ധം?**

1 കൊരി. 12:29–31 ഈ ഭാഗത്ത് എല്ലാവരും അന്യഭാഷകളിൽ സംസാരിക്കുന്നവോ? എന്ന് അപ്പോസ്തലനായ പൗലോസിന്റെ ചോദ്യത്തിന് ഇല്ല എന്നാണ് ഉത്തരം. അപ്പോൾ തന്നെ കൊരിന്ത്യയിലെ വിശ്വാസികളെല്ലാം ആത്മാവുള്ളവരും ആത്മസ്നാനയും, അഭിഷേകവും, ആത്മമുദ്രയും, ആത്മഅച്ചാരവും എല്ലാം ഉള്ളവർ ആണ്. ആകയാൽ അന്യഭാഷയും, അഭിഷേകവും തമ്മിൽ ഒരു ബന്ധവും ഇല്ലെന്ന് തിരുവെഴുത്ത് വ്യക്തമാക്കുന്നു.

**അഭിഷേകത്തിന്റെ പ്രത്യേകതകൾ**

**1. അറിവ് നൽകുന്നു:**

പരിശുദ്ധനാൽ അഭിഷേകം പ്രാപിച്ച് സകലവും അറിയുന്നു 1 യോഹ. 2:20. നമുക്ക് ലഭിച്ച ആത്മീയ അറിവുകൾ പരിശുദ്ധാത്മ അഭിഷേകത്താൽ ലഭിച്ചതാണ്.

**2. അഭിഷേകം നമ്മിൽ വസിക്കുന്നു:**

1 യോഹ. 2:27 അഭിഷേകത്തിന്റെ ആളത്വത്തെക്കുറിച്ച് ഇവിടെ വ്യക്തമാക്കുന്നു.

**3. അഭിഷേകം നമ്മെ ഉപദേശിക്കുന്നു:**

1 യോഹ. 2:27 അഭിഷേകം ഒരു ശക്തിയല്ല ശക്തിയുള്ള ഒരു വ്യക്തിയാണ്. നമുക്ക് അഭിഷേകം ആത്മീയ അറിവുകൾ പകർന്ന് തരുന്നു. നമ്മെ ഉപദേശിച്ച് വഴി നടത്തുന്നു, നമ്മിൽ വസിക്കുന്നു. പരിശുദ്ധാത്മാവിന്റെ പര്യായ നാമങ്ങളിൽ ഒന്നാണ് അഭിഷേകം എന്നുള്ളത്.

**അഭിഷേകത്താൽ നമുക്ക് ലഭിച്ച ഔദ്യോഗിക സ്ഥാനങ്ങൾ:**

അത്ഭുത പ്രകാശത്തിലേക്ക് വിളിച്ചവന്റെ സൽഗുണങ്ങളെ ഘോഷിപ്പാൻ തിരഞ്ഞെടുത്ത ജാതിയും, രാജകീയ പുരോഹിതവർഗ്ഗവുമാണ് നാം 1 പത്രോ. 2:9. പഴയനിയമത്തിൽ അഭിഷേകം ചെയ്ത് ശുശ്രൂഷകൾക്കായി നിയോഗിച്ചുകൊണ്ടിരുന്നത് പരോഹിതന്മാരേയും, രാജാക്കന്മാരേയും, പ്രവാചകന്മാരേയും ആണല്ലോ. ഈവിധ ഔദ്യോഗികസ്ഥാനങ്ങൾ അഭിഷേകത്താൽ നമുക്കും ലഭിച്ചിരിക്കുന്നു. ദൈവീക വെളിപാടുകൾ ലോകത്തിൽ അറിയിക്കുന്ന പ്രവാചകന്മാരാണ് നാം. പുതിയ ഒരു വെളിപാട് ലഭിച്ചതുകൊണ്ടല്ല പിതാവായ ദൈവത്തെ ക്രിസ്തു നിമിത്തം സ്തുതിസ്തോത്രയാഗങ്ങൾ അർപ്പിച്ച ആരാധിപ്പാനുള്ള അവകാശം നമുക്ക് ലഭിച്ചത് അഭിഷേകത്താലാണ്. നമ്മുടെ മഹാപുരോഹിതൻ ക്രിസ്തു മാത്രമാണ് എബ്രാ. 4:14. നാം പുരോഹിതവർഗ്ഗവുമാണ്.

മുൾമുടിയും മരക്രൂശും കൊടുത്ത് നിന്ദിച്ച ഈ ഭൂമിയിൽ യേശുക്രിസ്തു പൊൻമുടിചൂടി രാജാധിരാജാവും, കർത്താധികർത്താവുമായി വാഴുമ്പോൾ ക്രിസ്തുവിനോടുകൂടെ രാജാക്കൻമാരായി വാഴുവാൻ ഇന്നേ പരിശുദ്ധാത്മാവിനാൽ പിതാവായ ദൈവം അഭിഷേകം ചെയ്തു നമ്മെ നിയമിച്ചിരിക്കയാണ്. നമുക്ക് അഭിഷേകത്താൽ ലഭിച്ച ഔദ്യോഗിക പദവി മനസിലാക്കി പരിശുദ്ധാത്മ നിറവിൽ തിരുനാമ മഹത്വത്തിനായി ജീവിപ്പാൻ ത്രിയേക ദൈവം കൃപ നൽകുമാറാകട്ടെ.


അതേ! നാം അഭിഷിക്തന്മാർ.

(പാലക്കാട് ജില്ലാ സഭകളുടെ സഹകരണത്തിൽ 11–11–2023–ൽ കോട്ടേക്കുളം സഭാഹാളിൽ നടന്ന ഇരുമാസയോഗത്തിൽ ചെയ്ത പ്രസംഗ സംക്ഷേപം) ●

# മഹത്വത്തിൽ



**ആലുവ** : സഹോദരൻ **എ.വി. റോയി (61)** ഡിസംബർ 3 ന് നിത്യതയിൽ ചേർക്കപ്പെട്ടു. ഭൗതീകശരീരം ഡിസംബർ 4 ന് ആലുവ ബ്രദറൺ അസംബ്ലി ഹാളിലെ ശുശ്രൂഷകൾക്ക് ശേഷം സഭാസെമിത്തേരിയിൽ സംസ്കരിച്ചു. ദുഃഖഭവനത്തെ പ്രാർത്ഥനയിൽ ഓർക്കുക.



**പത്തനാപുരം** : സഹോദരൻ **ഐ. ബെന്നിക്കുട്ടി (93)** ഡിസംബർ 3 ന് നിത്യതയിൽ ചേർക്കപ്പെട്ടു. ഭൗതീകശരീരം ഡിസംബർ 9 ന് ഭവനത്തിൽ കലഞ്ഞൂർ ബ്രദറൺ അസംബ്ളിയുടെചുമതലയിൽനടന്നശുശ്രൂഷകൾക്ക് ശേഷം സഭാസെമിത്തേരിയിൽ സംസ്കരിച്ചു. ദുഃഖഭവനത്തെ പ്രാർത്ഥനയിൽ ഓർക്കുക.




**കരിയംപ്ലാവ്, റാന്നി** : സഹോദരൻ **കെ.എം. ജോൺ (88)** ഡിസംബർ 4 ന് നിത്യതയിൽ ചേർക്കപ്പെട്ടു. ഭൗതീകശരീരം ഡിസംബർ 6 ന് ഭവനത്തിൽ നടന്ന ശുശ്രൂഷകൾക്ക് ശേഷം ശാലേം ബ്രദറൺ ചർച്ച് സെമിത്തേരിയയിൽ സംസ്കരിച്ചു. ദുഃഖഭവനത്തെ പ്രാർത്ഥനയിൽ ഓർക്കുക.



**തൃശൂർ** : നിത്യതയിൽ ആയിരിക്കുന്ന സഹോ. പി.എസ്. ജോസഫ് പുതുക്കാട്ടുകാരന്റെ സഹധർമ്മിണി **ബേബി ജോസഫ് (84)** നവംബർ 30 ന് നിത്യതയിൽ ചേർക്കപ്പെട്ടു. ഭൗതീകശരീരം ഡിസംബർ 5 ന് തൃശൂർ ഈസ്ററ് ഫോർട്ട് അസ്സംബ്ലി ഹാളിലെ ശുശ്രൂഷകൾക്ക് ശേഷം പറവട്ടാനി ബ്രദറൺ സെമിത്തേരിയിൽ സംസ്കരിച്ചു. ദുഃഖഭവനത്തെ പ്രാർത്ഥനയിൽ ഓർക്കുക.



**ഇളമ്പൽ, പുനലൂർ** : സഹോദരൻ **ചെറിയാൻ രാജൻ (71)** ഡിസംബർ 2 ന് നിത്യതയിൽ ചേർക്കപ്പെട്ടു. ഭൗതീകശരീരം ഡിസംബർ 7 ന് ഭവനത്തിൽ എളമ്പൽ ബ്രദറൺ അസംബ്ലിയുടെചുമതലയിൽനടന്നശുശ്രൂഷകൾക്ക് ശേഷം സഭാസെമിത്തേരിയിൽ സംസ്കരിച്ചു. ദുഃഖഭവനത്തെ പ്രാർത്ഥനയിൽ ഓർക്കുക.



**പാലക്കാട്** : സഹോദരൻ ഷാജി വർഗീസിന്റെ സഹധർമ്മിണി **അന്നമ്മ ഷാജി (60)** നവംബർ 27 ന് നിത്യതയിൽ ചേർക്കപ്പെട്ടു. ഭൗതീകശരീരം ഡിസംബർ 1 ന് പുളിക്കീഴ് ബ്രദറൺ സഭാഹാളിലെ ശുശ്രൂഷകൾക്ക് ശേഷം സഭാസെമിത്തേരിയിൽ സംസ്കരിച്ചു. ദുഃഖഭവനത്തെ പ്രാർത്ഥനയിൽ ഓർക്കുക.



**ആനിക്കാട്** : നിത്യതയിൽ വിശ്രമിക്കുന്ന സഹോ. പി.ഡി. ചാണ്ടിയുടെ സഹധർമ്മിണി **ചിന്നമ്മ ചാണ്ടി (99)** ഡിസംബർ 3 ന് നിത്യതയിൽ ചേർക്കപ്പെട്ടു. ഭൗതീകശരീരം ഡിസംബർ 11 ന് ആനിക്കാട് ക്രിസ്ത്യൻ ബ്രദറൺ ചർച്ച് ഹാളിലെ ശുശ്രൂഷകൾക്ക് ശേഷം സഭാസെമിത്തേരിയിൽ സംസ്കരിച്ചു. ദുഃഖഭവനത്തെ പ്രാർത്ഥനയിൽ ഓർക്കുക.



**ഇളമ്പൽ, പുനലൂർ** : നിത്യതയിൽ ആയിരിക്കുന്ന സഹോ. പി.എം. മാത്യുവിന്റെ സഹധർമ്മിണി **ബേബി മാത്യു (84)** ഡിസംബർ 3 ന് നിത്യതയിൽ ചേർക്കപ്പെട്ടു. ഭൗതീകശരീരം ഡിസംബർ 8 ന് ചെമ്മന്തൂർ ബ്രദറൺ ചർച്ച് ഗോസ്പൽ ഹാളിലെ ശുശ്രൂഷകൾക്ക് ശേഷം സംസ്കരിച്ചു. ദുഃഖഭവനത്തെ പ്രാർത്ഥനയിൽ ഓർക്കുക.



**ഇർവിങ്, ടെക്സാസ്** : ഇർവിങ് ബെഥേസ്ഥ ബൈബിൾ ചാപ്പലിലെ മൂപ്പന്മാരിൽ ഒരാളായ സഹോ. ബാബു ഏബ്രഹാമിന്റെ മാതാവ് **സാറാമ്മ ഏബ്രഹാം (93)** ഡിസംബർ 5 ന് നിത്യതയിൽ ചേർക്കപ്പെട്ടു. ഭൗതീകശരീരം ഡിസംബർ 9 ന് ശുശ്രൂഷകൾക്ക് ശേഷം അമേരിക്കയിൽ തന്നെ സംസ്കരിച്ചു. ദുഃഖഭവനത്തെ പ്രാർത്ഥനയിൽ ഓർക്കുക.



**പത്തനംതിട്ട** : സഹോ. **റ്റി.എ. മത്തായി (91)** നവംബർ 30 ന് നിത്യതയിൽ ചേർക്കപ്പെട്ടു. ഭൗതീകശരീരം ഡിസംബർ 2 ന് പത്തനംതിട്ട ബ്രദറൺസഭാഹാളിലെ ശുശ്രൂഷകൾക്ക് ശേഷം സഭാസെമിത്തേരിയിൽ സംസ്കരിച്ചു. ദുഃഖഭവനത്തെ പ്രാർത്ഥനയിൽ ഓർക്കുക.



**പുലിയൂർ, ചെങ്ങന്നൂർ** : സഹോദരൻ തോമസ് ഏബ്രഹാമിന്റെ സഹധർമ്മിണി **ആലിസ് പി. സാം (66)** നിത്യതയിൽ ചേർക്കപ്പെട്ടു. ഭൗതീകശരീരം ഡിസംബർ 9 ന് പുലിയൂർ സഭാഹാളിൽ നടന്ന ശുശ്രൂഷകൾക്ക് ശേഷം സഭാസെമിത്തേരിയിൽ സംസ്കരിച്ചു. ദുഃഖഭവനത്തെ പ്രാർത്ഥനയിൽ ഓർക്കുക.



**എഡ്മണ്ടൻ, ക്യാനഡാ** : സഹോദരൻ **ജോർജ് സാമുവേൽ (87)** നവംബർ 24 ന് നിത്യതയിൽ ചേർക്കപ്പെട്ടു. ഭൗതീകശരീരം ഡിസംബർ 9 ന് ശുശ്രൂഷകൾക്ക് ശേഷം സംസ്കരിച്ചു. കർത്താവിൽ പ്രസിദ്ധനായിരുന്ന സഹോ. റ്റി.ജി. സാമുവേൽ ചെന്നൈയുടെ മകനാണ്. ദുഃഖഭവനത്തെ പ്രാർത്ഥനയിൽ ഓർക്കുക.



**ചെന്നൈ** : സഹോദരൻ **കെ.സി. ജേക്കബ് (85)** ഡിസംബർ 5 ന് നിത്യതയിൽ ചേർക്കപ്പെട്ടു. ഭൗതീകശരീരം ഡിസംബർ 11 ന് മടിപ്പാക്കം ക്രിസ്ത്യൻ അസംബ്ലയുടെ ശുശ്രൂഷകൾക്ക് ശേഷം സംസ്കരിച്ചു. ദുഃഖഭവനത്തെ പ്രാർത്ഥനയിൽ ഓർക്കുക.



**പരുത്തപ്പാറ, അടൂർ** : സഹോദരൻ **അലക്സാണ്ടർ വർഗീസ് (74)** ഡിസംബർ 7 ന് നിത്യതയിൽ ചേർക്കപ്പെട്ടു. ഭൗതീകശരീരം ഡിസംബർ 13 ന് ഭവനത്തിലെ ശുശ്രൂഷകൾക്ക് ശേഷം പരുത്തപ്പാറ ഹെബ്രോൻ ബ്രദറൺ സഭാസെമിത്തേരിയിൽ സംസ്കരിച്ചു. ദുഃഖഭവനത്തെ പ്രാർത്ഥനയിൽ ഓർക്കുക.



**വാകത്താനം** : സഹോദരൻ സി. **സി. ചാക്കോ (75)** ഡിസംബർ 9 ന് നിത്യതയിൽ ചേർക്കപ്പെട്ടു. ഭൗതീകശരീരം ഡിസംബർ 12 ന് ഭവനത്തിലെ ശുശ്രൂഷകൾക്ക് ശേഷം വാകത്താനം ബ്രദറൺ സഭാസെമിത്തേരിയിൽ സംസ്കരിച്ചു. ദുഃഖഭവനത്തെ പ്രാർത്ഥയിൽ ഓർക്കുക.

4-ാം പേജ് തുടർച്ച

## കർത്താവിൽ വസിക്കുന്ന വിശ്വാസിയുടെ ജയജീവിതം

അനേകം പരിജ്ഞാനമുള്ളവർ തെറ്റിപ്പോകുന്നു. കർത്താവ് ശിഷ്യന്മാരോടു ചോദിച്ചു "നിങ്ങൾക്കും പോകുവാൻ മനസ്സുണ്ടോ?". അവരുടെ മറുപടി മറ്റൊരു ചോദ്യമായിരുന്നു. "കർത്താവേ ഞങ്ങൾ ആരുടെ അടുക്കൽ പോകും".

ഒരു കാര്യം വ്യക്തമാണ് "വിശുദ്ധന്മാർക്ക് കർത്താവിനെ വിട്ട് ഒരിക്കലും പോകുവാൻ കഴിയുകയില്ല". അവനിൽ വസിക്കുവാനുള്ള വാഗ്ദാനം ദൈവമക്കൾക്ക് തന്നിട്ടുണ്ട്. ദൈവകൽപ്പന അനുസരിച്ച് അവനിൽ വസിക്കുമ്പോൾ സ്തുതിയും, മഹത്വവും കർത്താവിന് കൊടുക്കുവാൻ ഇടയാകുന്നു.

അപ്പൊസ്തലനായ യോഹന്നാൻ വീണ്ടും പറയുന്നു "കുഞ്ഞുങ്ങളേ", എന്ന് സ്നേഹം നിറഞ്ഞ വാക്കുകളോടുകൂടി അഭിസംബോധന ചെയ്യുന്നു. നിങ്ങൾ കുഞ്ഞുങ്ങളായതുകൊണ്ട് സ്നേഹനിധിയായ പിതാവിന്റെ ഭവനത്തിലേക്ക് കൊണ്ടുവന്നു. നിങ്ങൾ ശക്തിയോടുകൂടി വളരണം. അവനിൽ വസിക്കണം. പൂർണ്ണമായും നിങ്ങൾ കർത്താവിനെ അനുസരിക്കണം.

ദൈവം തന്റെ മക്കളെ പരിപാലിക്കുന്നു. ഒരു കുട്ടിയെ മാതാവ് സ്നേഹത്തോടെ പരിപാലിക്കുന്നതുപോലെ ദൈവം തന്റെ മക്കളെ പരിപാലിക്കുന്നു. എല്ലാ സ്വർഗ്ഗീയ, ആത്മീയ, അനുഗ്രഹങ്ങളും കർത്താവ് തരുന്നതുകൊണ്ട് കർത്താവിൽ തന്നെ വസിക്കണം. അവിടെ നിന്നും മാറിപ്പോയാൽ ഇരുട്ടിൽ അലയുന്നവരാകും. നാം ബലഹീനരാണെങ്കിലും കർത്താവിൽ ശക്തരാകുന്നു. വൈഷമ്യം നിറഞ്ഞ ഈ പാരിലെ ജീവിതത്തിൽ യുഗങ്ങളുടെ പാറയായ കർത്താവിൽ വസിക്കണം. അപ്പൊസ്തലനായ യോഹന്നാൻ നമ്മെ ഓർമ്മിപ്പിക്കുന്നത് "കുഞ്ഞുങ്ങളെ, അവൻ പ്രത്യക്ഷനാകുമ്പോൾ നാം അവന്റെ സന്നിധിയിൽ ലജ്ജിച്ചുപോകാതെ അവന്റെ പ്രത്യക്ഷതയിൽ നമുക്കു ധൈര്യം ഉണ്ടാകേണ്ടതിനു അവനിൽ വസിപ്പിൻ" (1 യോഹ. 2:28). ലോകാവസാനത്തോളം കർത്താവ് നമ്മോടുകൂടിയുണ്ട്.

കർത്താവ് വരുമ്പോൾ കല്ലറകളിലുള്ള വിശ്വാസികളെല്ലാവരും തേജസ്സോടെ ഉയർത്തെഴുന്നേൽക്കും. കർത്താവ് പെട്ടെന്ന് പ്രത്യക്ഷനാകുമ്പോൾ കൂടുതൽ ഉറപ്പുണ്ടാകണമെന്നാണ് ദൈവഹിതം - കർത്താവിന്റെ വരവിനുമുമ്പായി നാം കർത്താവിലും, കർത്താവ് നമ്മിലും വസിക്കുന്നവരാകണം. ഏറെ നാളുകളായി ആശയോടെ കാത്തിരിക്കുന്ന കർത്താവിനെ കാണുമ്പോൾ വലിയ സന്തോഷം ദൈവജനത്തിനുണ്ടാകണം. കർത്താവിനെ സ്നേഹിക്കുന്നവർ ഇനിയും സ്നേഹിച്ചുകൊണ്ടിരിക്കും. കർത്താവിനോടു ചേരുമ്പോൾ നമ്മുടെ വിശ്വാസം പൂർണ്ണതയിലെത്തുന്നു. നാം അവനിൽ വസിക്കുമ്പോൾ തേജസ്സേറിയ മുഖത്തോടുകൂടി കർത്താവ് പ്രത്യക്ഷനാകുമ്പോൾ നാമും പുനരുത്ഥാനം ചെയ്ത് കർത്താവിനോടു തുല്യരായി കർത്താവിനോടുകൂടി പ്രവേശിക്കും. കർത്താവിന്റെ വരവ് ന്യായവിധിക്കും കൂടിയാണ്. കർത്താവിന്റെ വരവിങ്കൽ ആരെല്ലാം അവനിൽ വസിച്ചിരിക്കും. അവർ കർത്താവിന്റെ വരവിങ്കൽ അനുഗ്രഹിക്കപ്പെട്ടവരാകും. കർത്താവിന്റെ വരവിന്റെ രഥചക്രങ്ങളുടെ ശബ്ദം കേൾക്കാറായി. സാത്താനെ കർത്താവ് കാൽക്കീഴിലാക്കും. ന്യായം വിധിച്ച് നിത്യദണ്ഡത്തിലേയ്ക്കയയ്ക്കും. ദൈവമക്കൾ തങ്ങളുടെ ദീപം തെളിയിച്ച് കാത്തിരിക്കണം. കർത്താവിൽ പൂർണ്ണശക്തിയോടെ ജീവിക്കുവാൻ പരിശുദ്ധാത്മാവാം ദൈവത്തെ നൽകിയിരിക്കുന്നു. ദൈവകൃപ എല്ലാവർക്കും ലഭിക്കട്ടെ.

**വിവർത്തനം : സ്കറിയാ വർഗ്ഗീസ്, കളമശ്ശേരി.**

## ചിന്ത TVS
## നമ്മുടെ കർത്താവിന് നമ്മുടെ ദുഃഖത്തിൽ പങ്കുചേർന്ന് നമ്മോടൊപ്പം കരയുവാൻ കഴിയുമോ?

പാവപ്പെട്ടവരെയും സമൂഹത്തിൽ സാമ്പത്തിക നിലവാരം കുറഞ്ഞവരെയും അവഗണിക്കുന്ന ഒരു ലോകത്തിലാണ് നാം അധിവസിക്കുന്നത്. അങ്ങനെയുള്ള ചിന്താഗതിക്ക് ആക്കവും തൂക്കവും വർദ്ധിച്ചു വരികയാണ്. വചനം പറയുന്നത് "എളിയവനെ ആദരിക്കുന്നവൻ ഭാഗ്യവാൻ" എന്നാണ്. എന്നാൽ കാലത്തിന്റെ കുത്തൊഴുക്കിൽ പെട്ട് ഓടുന്നവന് വ്യത്യസ്തമായ ആശയമാണ് ഉള്ളത്. അതിനെ താലോലിക്കയും മാനിക്കയും ചെയ്യുന്നവനാണ് ഇന്ന് സമൂഹത്തിൽ സ്ഥാനം ഉള്ളത്.

പ്രസിദ്ധ പ്രസംഗകനായ ഹെർമൻ ഫ്രാങ്ക് ഒരു അനാഥശാല നടത്തിയിരുന്നു. അതിന്റെ ആവശ്യങ്ങൾക്ക് അദ്ദേഹം ദൈവമുഖത്തേക്ക് മാത്രമാണ് നോക്കിയിരുന്നത്. ഒരു ദിവസം ദരിദ്രയായ ഒരു വിധവ ഫ്രാങ്കിനെ കാണുവാനെത്തി. അവളുടെ ദരിദ്രമായ അവസ്ഥയുടെ ചിത്രം അവൾ ഫ്രാങ്കിന്റെ മുന്നിൽ വാക്കുകളാൽ വരച്ചപ്പോൾ ഫ്രാങ്കിന് അവളോട് സഹതാപം തോന്നി. ഈ സഹതാപം ഫ്രാങ്കിന്റെ അനാഥശാല വേണ്ടി കരുതിയ പണപ്പെട്ടി തുറക്കാൻ ഇടയാക്കി. അനാഥശാലയിലെ കുട്ടികളുടെ ഭക്ഷണം വാങ്ങുന്നതിന് മാറ്റിവെച്ച ഒരു തുകയാണ് പെട്ടിയിലുണ്ടായിരുന്നത്. അതിൽ ഒന്നും ബാക്കിവെയ്ക്കാതെ അത് മുഴുവനും താൻ ആ സ്ത്രീക്ക് കൊടുത്തു.

ഏതാനും ദിവസങ്ങൾക്കു ശേഷം തനിക്കു നൽകിയ സഹായത്തിന് നന്ദി പറഞ്ഞു കൊണ്ട് കത്ത് ഫ്രാങ്കിന് ലഭിച്ചു. ആ കത്തിൽ പ്രത്യേകിച്ച് എടുത്തു പറഞ്ഞ വാക്ക് "ഞാൻ ഈ അനാഥശാലയ്ക്കുവേണ്ടി ദൈവത്തോടു പ്രാർത്ഥിച്ചു കൊണ്ടിരിക്കുന്നു" എന്നാണ്. ആ കത്ത് ലഭിച്ച അന്നുതന്നെ വൃദ്ധ നൽകിയതിന്റെ ഇരട്ടി തുക രണ്ടു വ്യക്തികളിൽ നിന്നായി ഫ്രാങ്കിന് ലഭിച്ചു. ആ തുക ലഭിച്ച അല്പസമയത്തിനു ശേഷം ഒരു അപരിചിതൻ വലിയൊരു തുക അനാഥശാലയ്ക്കു സംഭാവനയായി നൽകി. അതുകൊണ്ട് തീർന്നില്ല. അന്നു വൈകിട്ട് അടുത്തിടെ മരിച്ച കോടീശ്വരനായ ഒരു പ്രഭുവിന്റെ വിൽപത്രത്തിൽ അനാഥശാലയ്ക്കായി ഭീമമായ ഒരു തുക നീക്കിവെച്ചിട്ടുണ്ടെന്നുള്ള അറിയിപ്പ് തനിക്കു ലഭിച്ചു.

ദരിദ്രയായ വിധവയെ മാനിച്ച് അവളുടെ സങ്കടത്തിൽ പങ്കുചേർന്ന ഫ്രാങ്കിന്റെ ഹൃദയത്തെ ദൈവം കാണുകയായിരുന്നു. തന്റെ കുഞ്ഞുങ്ങൾക്ക് ആഹാരത്തിനായി കരുതിവെച്ച തുക അദ്ദേഹം ഒന്നും നോക്കാതെ മുഴുവനായും കൊടുത്തത് സ്വർഗ്ഗം അംഗീകരിച്ചപ്പോൾ കർത്താവിന്റെ കാലത്ത് വിധവ കൊടുത്ത രണ്ട് കാശിനേക്കാൾ എത്രയോ മടങ്ങ് വിലയുള്ളതായി അത് മാറി.

ആകയാൽ ഫ്രാങ്കിന്റെ അനാഥശാലയ്ക്ക് നിറച്ച് കുലുക്കി കവിയുന്ന ഒരു അനുഗ്രഹമാണ് സ്വർഗ്ഗത്തിന്റെ കിളിവാതിൽ തുറന്ന് ഒഴുകിയെത്തിയത്. താൻ ഒരിക്കലും അങ്ങനെ പ്രതീക്ഷിച്ചതല്ല. അത് ഫ്രാങ്കിന്റെ ഹൃദയത്തെ ആഹ്ലാദഭരിതനാക്കിത്തീർത്തു. നന്ദികൊണ്ട് തന്റെ ഹൃദയം നിറയുകയും ചെയ്തു. ദൈവമക്കളെ! "എളിയവനോട് കൃപ കാണിക്കുന്നവൻ യഹോവയ്ക്ക് വായ്പകൊടുക്കുന്നു. അവൻ ചെയ്ത നന്മയ്ക്ക് അവൻ പകരം കൊടുക്കും" (സദൃശ. 19:17). ഇത് മനസ്സിലാക്കാതെ ദരിദ്രരെ നാം അകറ്റുമ്പോൾ എന്നെയും നിങ്ങളെയും സഹായിക്കുന്ന ദൈവത്തെ മാറ്റി നിർത്തുകയാണെന്ന് അറിഞ്ഞാൽ കൊള്ളാം. നിത്യത ഇതു വെളിപ്പെടുത്തുമ്പോൾ നാം തന്റെ സന്നിധിയിൽ ലജ്ജിതരായി തീരാൻ ഇടവരാതിരിക്കട്ടെ. ●

## കൊട്ടാരക്കര ബ്രദറൺ കൺവൻഷൻ

**2024 ജനുവരി 15 – 21 – ബ്രദറൺ ഗോസ്പൽ ഹാൾ പുലമൺ**

**പ്രസംഗകർ :**

Evg. John P. Thomas
Evg. Biju K. Aladi
Evg. Jose Mathew
Evg. Chandapilla Philip
Evg. Thomson B. Thomas

### പ്രതിദിന പരിപാടികൾ

| | | | | |
|---|---|---|---|---|
| 15–01–24 തിങ്കൾ | രാവിലെ 10.00 മുതൽ ഉച്ചയ്ക്ക് 1.00 വരെ ഭവന സന്ദർശനം | വൈകിട്ട് 5.30 – 6.00 | വൈകിട്ട് 6.15 – 7.15 | പൊതുയോഗം വൈകിട്ട് 7.15 – 8.30 Evg. ജോൺ പി. തോമസ് |
| 16–01–24 ചൊവ്വ | പരസ്യയോഗം | ഗ്രൂപ്പ് പ്രാർത്ഥന | ഗാനശുശ്രൂഷ | Evg. ജോൺ പി. തോമസ് |
| 17–01–24 ബുധൻ | സുവിശേഷകന്മാരുടെ സമ്മേളനം സന്ദേശം: സുവി. ബിജു ആലടി | | | Evg. ബിജു ആലടി |
| 18–01–24 വ്യാഴം | കുടുംബസംഗമം സന്ദേശം: സുവി. ജോസ് മാത്യൂസ് | | | Evg. ജോസ് മാത്യൂസ് |
| 19–01–24 വെള്ളി | സോദരീസമാജം വിശേഷാൽ സമ്മേളനം സന്ദേശം: Sis. ഫെലിസിറ്റി കോശി മുംബൈ | | | Evg. ചാണ്ടപ്പിള്ള ഫിലിപ്പ് |
| 20–01–24 ശനി | YMEF - SBS വിശേഷാൽ സമ്മേളനം (കൊട്ടാരക്കര, പുനലൂർ, പത്തനാപുരം സെന്റർ) സന്ദേശം: Evg. ജോബി ജെയിംസ്, Evg. ചാണ്ടപ്പിള്ള ഫിലിപ്പ് | | | Evg. തോംസൺ ബി. തോമസ് |
| 21–01–24 ഞായർ | രാവിലെ 10.00 മുതൽ 11.30 വരെ : ആരാധനായോഗം 11.30 മുതൽ 1.00 വരെ : പൊതുയോഗം സന്ദേശം : Evg.തോംസൺ ബി. തോമസ് | | | ഒന്നാമത്തെ സ്തോത്രകാഴ്ച കൺവൻഷന്റെ ചെലവുകൾക്കും രണ്ടാമത്തെ സ്തോത്രകാഴ്ച KEM ഫണ്ടിനും ആയിരിക്കും |

ജനുവരി 17 ബുധൻ മുതൽ 20 ശനി വരെ രാവിലെ 7.30 മുതൽ പരസ്യയോഗങ്ങൾ ഉണ്ടായിരിക്കുന്നതാണ്.

live streaming: www.genesistv.in

## സോദരിസമാജം പ്രത്യേക യോഗം - കൊട്ടാരക്കര

കൊട്ടാരക്കര കൺവൻഷനോടനുബന്ധിച്ച് അടൂർ, പുനലൂർ, കൊട്ടാരക്കര എന്നീ സെന്ററുകളിലെ സഹോദരിമാരുടെ ഒരു സംയുക്ത കൂടിവരവ് ജനുവരി 19 ന് വെള്ളിയാഴ്ച്ച രാവിലെ 10 മണിക്ക് പുലമൺ ഗോസ്പൽ ഹാളിൽ വച്ച് നടത്തുവാൻ കർത്താവിൽ ആശ്രയിച്ച് തീരുമാനിച്ചിരിക്കുന്നു. എല്ലാ സഹോദരിമാരും പ്രാർത്ഥനാപൂർവ്വം കടന്നു വരണമേ.

പ്രധാനസന്ദേശം : **സഹോ. ഫെലിസിറ്റി മാത്യു മുംബൈ.**

സോദരിസമാജത്തിന് വേണ്ടി : **ലാലി മാത്യു**, സെക്രട്ടറി, കൊട്ടാരക്കര സെന്റർ.

**SUVISESHADHWANI**
Fortnightly
Vol. 42 Issue 08
Single Copy Rs. 10/-
Annual Subscription
India Rs. 200/-
Envelope Postage Rs. 3000/-
Please send news and articles to
Chief Editor:
**Sam Zacharia**
H. No. 56/ NV Nagar,
Peroorkada P.O.
Thiruvananthapuram - 695 005.
Tel. +91 9446684828
email: svdtvm2019@gmail.com
*Send your money orders to:*
Managing Editor:
**Joykumar V.K.**
Sharon, Pirayummoodu,
Neyyattinkara P.O.
Thiruvananthapuram - 695 121
Tel. +91 9446022942
Associate Editor :
**Samuel Thomas**, Cheppad
Tel. +91 9495162788
Sub Editors:
**John Joseph** (South Division)
Tel. +91 9496465298
**A.D. James** (North division)
Tel. +91 9446814115
**John Mathews P.** (Malabar Division)
Tel. +91 9605962095
**K.V. Jose** (High Range Division)
Tel. +91 8606083652
Circulation Manager :
**Spurjan K.J.** Balaramapuram
Tel. +91 9495131875

**REGISTERED**
Reg. No. RN 29475/1978
Postal Reg. No. KL/TV(S)/396/2022-24
Licence No: KL/TV(S)/WPP/251/2022-24
Licensed to Post without prepayment
Date of Publishing : 16-12-2023
If undelivered please return to :
Managing Editor
Suviseshadwani
Sharon, Pirayummoodu,
Neyyattinkara P.O.
Thiruvananthapuram - 695 121.



Printed & Published by Sam Zacharia on behalf of General Y.M.E.F & Printed at : Color Scan, Trivandrum & Published at H. No. 56/ NV Nagar, Peroorkada P.O. Thiruvananthapuram - 695 005. Editor: Sam Zacharia. Design:printechoffset,Trivandrum